# വേദാഭിമാനി

വേദപുസ്തകത്തിൽ അഭിമാനിക്കുന്നവൻ : സത്യത്തിന് സാക്ഷി

Vol.23 No.6 കാർത്തികപ്പള്ളി R.No. 7361/02 2023 JUNE

RNI Reg.No.KERMAL/2002/7361 Postal Reg. No. KL/MVK/184/2021-23 Licence No. KL/CR/MVK/WPP-03/2021-23. Licensed to Post Without Prepayment.

വായനയ്ക്കും പഠനത്തിനും ആശയസംവാദത്തിനും സന്ദർശിക്കുക: vedabhimani.com


‘P7’

## 122 കോടി രൂപ!

ലോകത്തിലെ ഏറ്റവും ചെലവേറിയ നമ്പർ പ്ലേറ്റ് ദുബായിയിൽ. ‘P7’ എന്ന ഈ നമ്പർ പ്ലേറ്റ് ലേലത്തിൽ വിറ്റത് 122 കോടി രൂപയ്ക്ക്. ദുബായിലെ ജുമൈറ മേഖലയിലെ ഫോർ സീസൺസ് റിസോർട്ടിലായിരുന്നു ലേലം.




15 മില്യൺ ദിർഹത്തിൽ ആരംഭിച്ച ലേലം സെക്കൻഡുകൾക്കുള്ളിൽ 30 മില്യണിലെത്തി. 35 ദശലക്ഷം ദിർഹത്തിലെത്തിയപ്പോൾ ആരും തുക കേറ്റി വിളിക്കാതെ അൽപ്പനേരം ആ നില തന്നെ തുടർന്നു. ടെലിഗ്രാം ആപ്പിന്റെ സ്ഥാപകനും ഉടമയുമായ പാവൽ വരിവിച്ച് ദുറോവ് ആണ് 35 ദശലക്ഷം ദിർഹത്തിനു വിളിച്ചത്. എന്നാൽ, പിന്നീടു വാശിയേറിയ ലേലം വിളിയാണു നടന്നത്. അധികം വൈകാതെ ലേലത്തുക 55 ദശലക്ഷം ദിർഹത്തിലെത്തുകയും ലേലം ഉറപ്പിക്കുകയും ചെയ്തു. ലേലം വിളിച്ച വ്യക്തിയുടെ വിവരങ്ങൾ ലഭ്യമായിട്ടില്ല. പതിനാറ് വർഷം മുമ്പ്, അബുദാബിയിൽ ഒരു നമ്പർ പ്ലേറ്റ് 52.5 ദശലക്ഷം ദിർഹത്തിനു വിറ്റതാണ് നിലവിലുള്ള ലോകറിക്കാർഡ്.

## ‘മിനിസ്കേട്ട്’ രാജ്ഞി അന്തരിച്ചു




ഫാഷൻ ലോകത്തെ ഇളക്കിമറിച്ച ‘മിനിസ്കേട്ട്’ വിപ്ലവത്തിന് തുടക്കം കുറിച്ച ഡിസൈനർ മേരി ക്വാന്റ് (93) അന്തരിച്ചു. ഇറക്കം കുറഞ്ഞ പാവാടകളെ സ്ത്രീസ്വാതന്ത്ര്യത്തിന്റെ പ്രതീകമായി അവതരിപ്പിച്ച്, 1960-കളിലെ സാംസ്കാരിക വിപ്ലവത്തിന് തുടക്കം കുറിച്ചവരിൽ പ്രധാനിയാണ് ക്വാന്റ്.

വിരലിലെണ്ണാവുന്നവർ മാത്രം ഉപയോഗിച്ചിരുന്ന മിനിസ്കേട്ടിനെ തന്റെ ‘ബസാർ ഡിസൈനർ വസ്ത്രശാലയിലൂടെ ക്വാന്റ് വിശ്വപ്രശസ്തമാക്കി. നീളൻ പാവാടകളെ കാൽമുട്ടിന് മുകളിൽ വരെയെത്തിച്ച് ഫാഷൻ ലോകത്തെ പതിവ് ചട്ടക്കൂടുകളെ ക്വാന്റ് പൊളിച്ചടുക്കി.

റിബൽ എന്ന ലേബൽ ലഭിക്കാനായി യുവതികൾ മിനിസ്കേട്ടിനെയും ഹോട്ട് പാന്റ്സിനെയും ആവേശത്തോടെ ഏറ്റുവാങ്ങിയതോടെ പുതിയൊരു വസ്ത്ര ധാരണശൈലി തന്നെ രൂപപ്പെട്ടു. ചെറിയ വസ്ത്രത്തിലൂടെ ലോകത്ത് വലിയ മാറ്റങ്ങൾ വരുത്തിയ ക്വാന്റ്, യാഥാസ്ഥിതിക ചിന്താഗതിയുള്ള ബ്രിട്ടീഷ് രാജ്ഞിയുടെ പക്കൽ നിന്ന് ‘ഓഡർ ഓഫ് ദ ബ്രിട്ടീഷ് എംപയർ’ ബഹുമതി ഏറ്റുവാങ്ങാനായി മിനിസ്കേട്ട് ധരിച്ച് എത്തിയത് ലോകശ്രദ്ധയാകർഷിച്ചിരുന്നു. 2014-ൽ രാജ്യം ക്വാന്റിനെ ‘ഡെയിം’ പദവി നൽകി ആദരിച്ചു.

## ബാറ്റ് വേണ്ട, കൈ മതി

ലോകമെമ്പാടുമുള്ളവരുടെ ഇഷ്ട കായിക വിനോദങ്ങളിലൊന്നാണ് ബാഡ്മിന്റൺ. എന്നാൽ, മൃഗങ്ങൾ ബാഡ്മിന്റൺ കളിക്കുന്നത് കണ്ടിട്ടുണ്ടോ..? അടുത്തിടെ കൗതുക വാർത്തകളിൽ വൻ പ്രാധാന്യം നേടിയ സംഭവമാണ് പൂച്ചകളുടെ ബാഡ്മിന്റൺ. യജമാനനുമായി മൂന്നു പൂച്ചകൾ ബാഡ്മിന്റൺ കളിക്കുന്ന ചിത്രങ്ങളും വീഡിയോയുമാണു വാർത്തകളിൽ ഇടം പടിച്ചത്. വീഡിയോയിൽ കൈയിൽ ബാഡ്മിന്റൺ റാക്കറ്റുമായി ഒരു യുവാവിനെയും അദ്ദേഹത്തിന്റെ അരികിൽ മൂന്നു പൂച്ചകളെയും കാണാം. ഒരു പൂച്ച ഡസ്റ്റ് ബിന്നിന്റെ മുകളിൽ ഇരിക്കുന്നു. മറ്റു രണ്ടു പൂച്ചകൾ തറയിൽ മത്സരത്തിന് ‘റെഡി’ എന്ന മട്ടിൽ ഇരിക്കുന്നു. ഒരു പൂച്ച യുവാവിന്റെ ടീമിലാണുള്ളത്. എതിർ വശത്ത് രണ്ടു പൂച്ചകളും യുവാവ് ഷട്ടിൽ അടിച്ചുകഴിഞ്ഞാൽ, അതു പൂച്ചകളിലൊന്നിൽ എത്തുന്നു, പൂച്ച കൈ കൊണ്ട് അടിക്കുന്നു. അതുപോലെ, മറ്റ് രണ്ട് പൂച്ചകളും ഷട്ടിൽ അടിക്കാൻ ചാടുന്നതും ദൃശ്യങ്ങളിൽ കാണാം.



## ചതുരത്തിലും ഓടും



സമചതുരാകൃതിയിലുള്ള ചക്രം. പക്ഷേ, ഈ സൈക്കിൾ നന്നായി ഓടും. ക്യു എന്ന ചാനലിലാണു ചതുരാകൃതിയിലുള്ള സൈക്കിൾ അവതരിപ്പിച്ചത്. ആകൃതി ഇങ്ങനെയാണെങ്കിലും സാധാരണ സൈക്കിളിലുള്ള എല്ലാ സൗകര്യങ്ങളും ചതുര സൈക്കിളിലുണ്ട്. യഥാർഥ സൈക്കിളിൽനിന്നു വീൽ മാത്രം മാറ്റിയാണു പുതിയ മോഡൽ യാഥാർഥ്യമാക്കിയത്. ചതുര ഫ്രെയിമിനുള്ളിൽ ഘടിപ്പിച്ച പ്രത്യേക ഫ്രെയിമാണു പുതിയ മോഡൽ സൈക്കിളിന്റെ രഹസ്യം. യുദ്ധ ടാങ്കുകളിലെ ചക്രങ്ങൾ പ്രവർത്തിക്കുന്നതിനോടാണ് ഇതിനു സാമ്യം.

## ലോകം അവസാനിച്ചാലും

സവിശേഷമായ ഒരു ഭൂഗർഭ അറ നിർമിച്ചിരിക്കുകയാണ് അമേരിക്കക്കാരനായ മുൻ ഗവ. കോൺട്രാക്ടർ ലാറി ഹാൾ. ലോകാവസാനത്തിനു സമാനമായ പ്രതിസന്ധി ഉണ്ടായാലും ആളുകൾക്ക് യാതൊരു ബുദ്ധിമുട്ടും കൂടാതെ സുരക്ഷിതമായും ആഡംബരത്തോടെയും ഈ അറയിൽ കഴിയാനാകുമെന്നു ലാറി ഹാൾ അവകാശപ്പെടുന്നു.



ഭൂമിക്കടിയിൽ ആണെങ്കിലും ഒരു ബഹുനില ആഡംബര ഹോട്ടലിനു സമാനമായാണ് അറയുടെ നിർമാണം. മുകൾ ഭാഗം ഒമ്പതടി കട്ടിയുള്ള കഠിനമായ കോൺക്രീറ്റ് ഭിത്തികൾകൊണ്ടാണ് നിർമിച്ചിരിക്കുന്നത്. എട്ട് ടൺ സ്റ്റീൽ കൊണ്ടാണു വാതിലുകളുടെ നിർമാണം. 500 മൈലിൽ കൂടുതൽ വേഗതയുള്ള കാറ്റിനെ നേരിടാൻ കഴിയുന്നതാണ് മേൽക്കൂര.

15 നിലകളാണ് ഈ സ്റ്റീൽ ബങ്കറിനുള്ളത്. ഇതിൽ പ്രത്യേകം സജ്ജീകരിച്ച ആഡംബര മുറികൾക്കൊപ്പം സ്വിമ്മിംഗ് പൂളും തിയറ്ററും മെഡിക്കൽ ബേകളും ഭക്ഷണശാലകളും ഒക്കെ ഉൾപ്പെടുന്നു. ആക്രമണങ്ങളെ പ്രതിരോധിക്കാനും പുറത്തേക്കിറങ്ങേണ്ടി വന്നാൽ ധരിക്കാൻ പ്രത്യേക സുരക്ഷാ സംവിധാനങ്ങളോടു കൂടിയ വസ്ത്രങ്ങളും അറയ്ക്കുള്ളിൽ സജ്ജമാക്കിയിട്ടുണ്ട്.

ഒരു ഭൂഗർഭ മിസൈൽ വിക്ഷേപണ അറയിലാണ് ഈ ബങ്കർ നിർമിച്ചിരിക്കുന്നത്. ജനറൽ സ്റ്റോർ, ഡിജിറ്റൽ വെതർ സ്റ്റേഷൻ, 75,000 ഗാലൺ റിസർവ് ടാങ്കുകളുള്ള ജലവിതരണം, ഇന്റർനെറ്റ് ആക്സസുള്ള കമ്യൂണിക്കേഷൻ സെന്റർ തുടങ്ങിയവ ബങ്കറിലുണ്ടാകും. 75ഓളം പേർക്ക് യാതൊരു ബുദ്ധിമുട്ടുകളും കൂടാതെ അഞ്ച് വർഷത്തിലധികം ഇതിനുള്ളിൽ കഴിയാൻ പറ്റുമെന്നു ലാറി ഹാൾ പറയുന്നു. ‘സർവൈവൽ കോണ്ടോ’ എന്ന് പേരിട്ട ബഹുനില ഭൂഗർഭ അറയുടെ ലക്ഷ്യം എല്ലാവരിലേക്കും എത്തിക്കുന്നതിനായി ഒരു പ്രത്യേക വെബ്സൈറ്റും ആരംഭിച്ചിട്ടുണ്ട്.

## ഭീകരതയുടെ ഭവനം

അമേരിക്കയിൽ ആഡംബരപൂർവം പണിത ഒരു വീട് വിൽപനയ്ക്കു വച്ചിരിക്കുന്നു. അടിസ്ഥാന വില ഒരു കോടി രൂപ. പരസ്യം കണ്ടു വീട് ആവശ്യമുള്ള നിരവധിപ്പേർ എത്തുന്നുണ്ടെങ്കിലും വരുന്നവർ നിമിഷങ്ങൾക്കുള്ളിൽ സ്ഥലം കാലിയാക്കുകയാണ്. വീടിന്റെ വിലയോ, സൗകര്യങ്ങളുടെ കുറവോ ഒന്നുമല്ല പ്രശ്നം. വീടു കണ്ടു ഭയന്നിട്ടാണ് മിക്കവരും സ്ഥലം വിടുന്നത്.



വീടിന്റെ പേരും നിർമാണരീതിയുമാണ് ആളുകളെ വിരട്ടുന്നത്. ‘ഹൗസ് ഓഫ് ടെറസ്’ (ഭീകരതയുടെ ഭവനം) എന്നാണ് വീടിനിട്ടിരിക്കുന്ന പേര്, രണ്ടേക്കർ സ്ഥലത്താണ് വീട് ഒരുക്കിയിരിക്കുന്നത്. പുറത്തുനിന്ന് ഒരാൾ വരുമ്പോൾ ആദ്യം കയറിച്ചെല്ലുന്നത് ശവപ്പറമ്പിനെ ഓർമിപ്പിക്കുന്ന ഒരു പൂന്തോട്ടത്തിലേക്കാണ്. വീടിനകത്തേക്കു കയറിയാൽ ചങ്കിടിക്കുന്ന കാഴ്ചകളാണ്. വീട് കാണുമ്പോൾ പ്രേതഭവനമായിട്ടാണു തോന്നുന്നതെന്നും പേടിയും നെഗറ്റീവ് ഫീലുമാണുണ്ടാകുന്നതെന്നും വീട് സന്ദർശിച്ചവർ പറയുന്നത്. അതുകൊണ്ടുതന്നെ ഇതുവരെ ആരും ഈ വീട് വാങ്ങാൻ തയാറായിട്ടില്ല. അമേരിക്കയിലെ ബിഗ് കൺട്രിറിയൽ എസ്റ്റേറ്റ് ലിസ്റ്റിംഗിലാണ് വീടിന്റെ വിൽപന പരസ്യം വന്നതെന്നു ദ മിറർ റിപ്പോർട്ട് ചെയ്യുന്നു.


## റോബോ കപ്പ്

വേഗത്തിൽ നീങ്ങാനറിയാം. ചവിട്ടിയും ഇടിച്ചും വീഴ്ത്താൻ ശ്രമിച്ചാലും വീഴുകയുമില്ല! ഫുട്ബോൾ കളിക്കാനിറങ്ങുമ്പോൾ ഇതൊക്കെ വലിയ കാര്യമല്ലേ? പ്രത്യേകിച്ചും, കളിക്കുന്നത് ഒരു റോബട്ടാണെങ്കിൽ! അതെ, ആർട്ടെമസ് എന്ന റോബട് ഈ വർഷത്തെ ‘റോബോ കപ്പ്’ മത്സരങ്ങളിൽ പങ്കെടുക്കാൻ ഒരുങ്ങുകയാണ്. അഞ്ചടിപോലും ഉയരമില്ലാത്ത ‘ഹ്യൂമനോയ്ഡ് റോബട്’ ആണ് ആർട്ടെമിസ്. ഹ്യൂമനോയ്ഡ് റോബട് എന്നു പറഞ്ഞാൽ മനുഷ്യരൂപമുള്ള റോബട്. കലിഫോർണിയ യൂണിവേഴ്സിറ്റിയിലെ ഗവേഷകരാണ് ഇതു നിർമിച്ചത്. ഓടാനും ചാടാനും നിരപ്പല്ലാത്ത സ്ഥലത്തുകൂടി വീഴാതെ നടക്കാനുമൊക്കെ ആർട്ടെമിസിനറിയാം. സെക്കന്റിൽ 2.1 മീറ്റർ ആണ് ആർട്ടെമിസിന്റെ വേഗം. ഫുട്ബോൾ ഉൾപ്പെടെയുള്ള മത്സരങ്ങളിൽ പങ്കെടുക്കാൻ റോബോകപ്പിലേക്ക് ലോകമെമ്പാടുമുള്ള റോബട്ടുകൾ എത്തും. ജൂലൈ 6 മുതൽ 9 വരെ ഫ്രാൻസിലാണ് ഈ വർഷത്തെ റോബോകപ്പ്.





| ചെയർമാൻ | ഡിറക്ടർ | മാനേജർ | ചീഫ് എഡിറ്റർ | വേദാഭിമാനി | വാർഷിക വരിസംഖ്യ | വരിസംഖ്യ അയക്കേണ്ട വിലാസം |
|---|---|---|---|---|---|---|
| ടി.എം. വർഗ്ഗീസ് | ഏബ്രഹാം മത്തായി | തോമസ് വർഗ്ഗീസ് ആഞ്ഞിലിത്താനം | ടൈറ്റസ് കാർത്തികപ്പള്ളി | കളർ । ഡിജിറ്റൽ । ഇ-പേപ്പർ ലഭ്യമാണ് | ഇന്ത്യ-Rs.250 മറ്റ് രാജ്യങ്ങൾ-Rs.2000 | വേദാഭിമാനി, കേരള 690516 |



# ഇത് സിനിമയും നാടകവുമല്ല



**ഒ**രു സിനിമാസംവിധായകൻ ക്രിസ്തുചരിത്രം സിനിമയാക്കാൻ തീരുമാനിച്ചു. അദ്ദേഹം തിരക്കഥ തയാറാക്കി. ക്ലൈമാക്സിൽ ചെറിയ മാറ്റം വരുത്താൻ ആഗ്രഹിച്ച്, പേരുകേട്ട ഒരു ദൈവശാസ്ത്രജ്ഞനെ സമീപിച്ച് വിഷയം അവതരിപ്പിച്ചു. കഠിന വേദനകൊണ്ടു മരണാസന്നനായി കുരിശിൽ കിടക്കുന്ന യേശുവിനോട് യഹൂദപ്രമാണികൾ, ഞങ്ങൾ കണ്ടു വിശ്വസിക്കുന്നതിനുവേണ്ടി ഇസ്രായേലിന്റെ രാജാവായ ക്രിസ്തു ഇപ്പോൾ കുരിശിൽ നിന്നിറങ്ങി വരട്ടെ (മർക്കോസ് 15:32) എന്നു പറയുമ്പോൾ, അവരുടെ വെല്ലുവിളി സ്വീകരിച്ചുകൊണ്ട് കുരിശിൽനിന്നിറങ്ങി വരിക...!

യുക്തിസഹമായ ഒരു ചിന്ത. മാനുഷികമായി ചിന്തിച്ചാൽ, മരിച്ച് മൂന്നുദിവസം കഴിയാൻ കാത്തിരിക്കാതെ, പൊടുന്നനേ, ആ വെല്ലുവിളി സ്വീകരിച്ച് കുരിശിൽ നിന്നിറങ്ങി വന്നാലുണ്ടാകുന്ന ഡ്രമാറ്റിക് ഇഫക്ട്. യേശു തന്റെ പരസ്യജീവിതം ആരംഭിക്കുമ്പോൾത്തന്നെ ഇതേരീതിയിലുള്ള വെല്ലുവിളികൾ ഉയർന്നതാണ്. നീ ദൈവപുത്രനാണെങ്കിൽ ഈ കല്ലുകൾ അപ്പമാകാൻ പറയുക (മത്തായി 4:3). നാൽപത് രാവും നാൽപത് പകലും ഉപവസിച്ച് വിശന്നിരിക്കുന്ന യേശുവിന്റെ മുമ്പിലാണ് സാത്താൻ ഈ നിർദേശം വയ്ക്കുന്നത്. മലമുകളിൽനിന്നു ചാടി അത്ഭുതം പ്രവർത്തിക്കാനും സാത്താൻ ആവശ്യപ്പെടുന്നുണ്ട്.

പക്ഷേ, ഇവിടെയൊന്നും യേശു വഴങ്ങുന്നില്ല. കുരിശിൽ നിന്നിറങ്ങി വരാനുള്ള വെല്ലുവിളിയിലെ കാപട്യം പകൽപോലെ വ്യക്തം. ഞങ്ങൾ കണ്ടു വിശ്വസിക്കാൻ വേണ്ടി എന്നുകൂടി അവർ കൂട്ടിച്ചേർക്കുന്നുണ്ട്. അവർക്കു കണ്ടു വിശ്വസിക്കാനാണെങ്കിൽ എത്രമാത്രം അത്ഭുതങ്ങളാണ് അവരുടെ മുമ്പിലുള്ളത്. അന്ധർക്ക് കാഴ്ച, ചെകിടർക്ക് കേൾവി, കുഷ്ഠ രോഗികൾക്കും തളർവാതരോഗികൾക്കും സൗഖ്യം, മരിച്ചവർക്ക് ഉയിർപ്പ്... അങ്ങനെ, എത്രയെത്ര അനുഭവങ്ങൾ. യേശുവിനെ ബന്ധിക്കുമ്പോൾപ്പോലും നടന്ന അത്ഭുതം അവർക്ക് നേർക്കാഴ്ചയാണ്. പത്രോസ് വാൾ കൊണ്ടു വെട്ടി പ്രധാന പുരോഹിത ഭൃത്യന്റെ ചെവി ഛേദിച്ചപ്പോൾ അത് സുഖപ്പെടുത്തുന്നത് അവർ നേരിട്ടു കണ്ട കാഴ്ചയാണ് (യോഹ. 18:10).



ഇനി, ഒരു സിനിമാസംവിധായകന്റെ വീക്ഷണത്തിൽ നിന്നുകൊണ്ട് ഇതിനെ അപഗ്രഥിച്ചാലും ഈ വാദം ദുർബലമാകും. സ്റ്റണ്ടു സിനിമകളിൽ വില്ലന്റെ മർദനമേറ്റ് ദേഹമാസകലം ചോരയൊലിപ്പിച്ച്, തളർന്നു വീഴുന്ന, പ്രേക്ഷകമനസ്സിൽ മൃതപ്രായനായ നായകൻ ചാടിയെണീറ്റ് വില്ലനെ കീഴ്പ്പെടുത്തുന്ന എത്രയോ രംഗങ്ങൾ. അങ്ങനെയൊരു നായകവേഷമല്ല യേശുവിന്റേത്.


മനുഷ്യരക്ഷ സാധിക്കുന്നതിനു ഭൂമിയിലവതരിച്ച് പീഡസഹിച്ച് മരിച്ച്, അടക്കപ്പെട്ട് മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റ ചരിത്രപുരുഷനാണ് യേശുക്രിസ്തു. ഇതാണ് രക്ഷാകര രഹസ്യം. യേശുതന്നെ ഈ മഹാരഹസ്യം മുൻകൂട്ടി, ആവർത്തിച്ച് വെളിപ്പെടുത്തിയിട്ടുള്ളതാണ്. മനുഷ്യപുത്രൻ വളരെയേറെ സഹിക്കുകയും ജനപ്രമാണികൾ, പ്രധാനപുരോഹിതന്മാർ, നിയമജ്ഞർ എന്നിവരാൽ തിരസ്കരിക്കപ്പെടുകയും വധിക്കപ്പെടുകയും മൂന്നു ദിവസങ്ങൾക്കുശേഷം ഉയിർത്തെഴുന്നേൽക്കുകയും ചെയ്യേണ്ടിയിരിക്കുന്നു (മർക്കോസ് 8:31). യഹൂദർ അടയാളം ആവശ്യപ്പെടുന്ന സന്ദർഭമുണ്ട്. യേശുവിന്റെ പ്രതികരണം: യോനാ മൂന്നു രാവും മൂന്നുപകലും തിമിംഗലത്തിന്റെ ഉദരത്തിൽ കിടന്നതുപോലെ, മനുഷ്യപുത്രനും മൂന്നു രാവും മൂന്നു പകലും ഭൂമിക്കുള്ളിലായിരിക്കും. (മത്തായി 12:30). ഇങ്ങനെ, മൂന്നുരാവും മൂന്നുപകലും ഭൂമിക്കുള്ളിലായിരുന്ന യേശു ഉയിർത്തെഴുന്നേറ്റ മഹാസംഭവം ക്രൈസ്തവവിശ്വാസത്തിന്റെ ആധാരശിലയാണ്. പൗലോസ് അപ്പസ്തോലൻ പറയുന്നു: ക്രിസ്തു ഉയിർപ്പിക്കപ്പെട്ടില്ലെങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർഥമാണ്; നിങ്ങളുടെ വിശ്വാസവും വ്യർഥം (1 കൊരി. 15:14). മനുഷ്യബുദ്ധിക്ക് ഉൾക്കൊള്ളാൻ പറ്റാത്ത ഒന്നാണ് മരിച്ചവൻ ഉയിർക്കുക എന്നത്. ഈ വികാരം ശക്തമായി അന്നും നിലനിന്നിരുന്നു. ആ പശ്ചാത്തലത്തിലാണ് പൗലോസ് അർഥശങ്കയ്ക്കിടയില്ലാതെ, ഈ പ്രസ്താവം നടത്തിയത്.

സാമാന്യജനങ്ങൾക്കെന്നല്ല, ഉത്ഥാനത്തിനു നേർസാക്ഷികളായ ശിഷ്യന്മാർക്കുപോലും സംശയം ബാക്കി നിന്നിരുന്നു. ശൂന്യമായ കല്ലറ കണ്ടവരാണവർ. ശിഷ്യപ്രമുഖരായ പത്രാസും യോഹന്നാനും ശൂന്യമായ കല്ലറ കണ്ടെങ്കിലും യോഹന്നാൻ മാത്രമാണ് വിശ്വസിച്ചത് (യോഹ. 20:8). ഉത്ഥിതനായ ക്രിസ്തു അനേകം തവണ അപ്പസ്തോലന്മാർക്ക് നേരിട്ടു പ്രത്യക്ഷപ്പെട്ടതായി സാക്ഷ്യങ്ങളുണ്ട് (യോഹ. 20:19–21, യോഹ. 24:24–29, ലൂക്കോ. 24:13–35). ശ്രദ്ധേയമായ ഒരു കാര്യം, അവസാന നിമിഷത്തിൽ പോലും ശിഷ്യന്മാർ സംശയിക്കുന്നു എന്നതാണ്. ഉയിർപ്പിക്കപ്പെട്ടതിനുശേഷം തന്നെ കണ്ടിട്ടും വിശ്വസിക്കാത്തതു നിമിത്തം അവരുടെ വിശ്വാസരാഹിത്യത്തെയും ഹൃദയ കാഠിന്യത്തെയും അവൻ കുറ്റപ്പെടുത്തി (മർക്കോസ് 16:14).

യേശുവിന്റെ പ്രബോധനത്തിലെന്നപോലെ പ്രവർത്തനങ്ങളിലും പ്രകടമായി കാണുന്ന ഒന്നാണു വൈരുദ്ധ്യാത്മകത! സുവിശേഷപ്രഘോഷണ ദൗത്യം അപ്പസ്തോലന്മാരെ ഭരമേൽപിക്കുമ്പോൾ അത് അതിന്റെ പാരമ്യത്തിലെത്തുന്നു. ശിഷ്യന്മാരുടെ വിശ്വാസരാഹിത്യത്തെ കുറ്റപ്പെടുത്തിയിട്ട്, ഉടനെ തന്നെയാണ് അവരെ വിശ്വാസ സംരക്ഷകരും വിശ്വാസപ്രഘോഷകരുമായി ലോകമെമ്പാടും പോകുന്നതിനുള്ള ദൗത്യം ഭരമേൽപിക്കുന്നത് (മർക്കോസ് 16:14 18). ഇത് വിരൽ ചൂണ്ടുന്നത് സഭയുടെ മാനുഷിക സ്വഭാവത്തിലേക്കാണ്. പാപികളും ബലഹീനരുമായ മനുഷ്യരെയാണ് യേശു തന്റെ ദൗത്യം ഭരമേൽപിച്ചിട്ടുള്ളത്. തങ്ങളിൽത്തന്നെ ആശ്രയിക്കാതെ ദൈവത്തിലാശ്രയിച്ചുകൊണ്ടാണ് അപ്പസ്തോലന്മാർ സഭയെ നയിച്ചത്. പൗലോസ് ശ്ലീഹാ പറയുന്നു: വിജ്ഞാനികളെ ലജ്ജിപ്പിക്കാൻ ലോകദൃഷ്ടിയിൽ ഭോഷന്മാരായവരെ ദൈവം തിരഞ്ഞെടുത്തു. ശക്തരായവരെ ലജ്ജിപ്പിക്കാൻ ലോകദൃഷ്ടിയിൽ അശക്തരെയും (1 കൊരി. 1:27). പൗലോസ് സ്വയം സാക്ഷ്യപ്പെടുത്തുന്നു. എന്നെക്കുറിച്ച് സ്വന്തം ബലഹീനതകളിലല്ലാതെ ഞാൻ അഭിമാനം കൊള്ളുകയില്ല (2 കൊരി. 12:5). അതേസമയം പൗലോസ് പറയുന്നുണ്ട്. എന്നെ ശക്തിപ്പെടുത്തുന്ന ക്രിസ്തുവിൽ എല്ലാം സാധ്യമാണ്. യേശുവിന്റെ ചൈതന്യമാണ് സഭയിൽ പ്രസരിക്കുന്നത്. പ്രതിബന്ധങ്ങളെയും പ്രതികൂല്യങ്ങളെയും അതിജീവിച്ചുകൊണ്ടാണ് സഭ സഹസ്രാബ്ദങ്ങൾ പിന്നിട്ടത്. വഴിയും സത്യവും ജീവനുമായ ഉത്ഥിനായ ക്രിസ്തുവിന്റെ പ്രകാശധോരണിയിൽ സഭ മുന്നേറിക്കൊണ്ടേയിരിക്കും.



# ചുവന്ന വിപ്ലവകാരി



(തുടർച്ച)

"**ചീ**ത്തത്തരം, പൊട്ടച്ചൽ, കളിവാക്ക് ഇങ്ങനെ ചേർച്ചയില്ലാത്തവ ഒന്നും അരുത്" (എഫെ. 5:14) എന്ന് അപ്പൊസ്തൊലൻ നമ്മെ ഉദ്ബോധിപ്പിക്കുന്നു. അത്താഴവിരുന്നിന് ഇരിക്കുമ്പോൾ ഭക്ഷണമേശയ്ക്കു ചുറ്റും ഇരുന്ന് സദാചാരസീമകളെ ലംഘിച്ചുകൊണ്ട് അറപ്പുളവാക്കുന്ന രീതിയിൽ ശുശ്രൂഷകന്മാർ സംസാരിക്കുന്നതു ഞാൻ കേട്ടിട്ടുണ്ട്. ഫലിതം എനിക്കിഷ്ടമാണ്. പക്ഷേ മൂഢത്വം, ചീത്തരം, കളിവാക്ക് ഇതൊന്നും ഇഷ്ടമല്ല. പിശാച് സർവ്വശക്തനല്ല, എന്നാൽ അവൻ ശക്തനാണ് എന്ന കാര്യം നമ്മൾ മറന്നുപോകരുത്. ഇതൊക്കെ തീർത്തും അപ്രധാനമായ കാര്യങ്ങൾ എന്ന മട്ടിൽ വളരെ നിസ്സാരമായിട്ടാണ് അന്ധകാരത്തിന്റെ സാമ്രാജ്യത്തെപ്പറ്റി ക്രിസ്ത്യാനികൾ പലപ്പോഴും പറയുന്നത് (യൂദാ:9).

"നാവുകൊണ്ടു പാപം ചെയ്യാതിരിപ്പാൻ ഞാൻ എന്റെ വഴികളെ സൂക്ഷിക്കുമെന്നും, എന്റെ വായ് കടിഞ്ഞാണിട്ടു സൂക്ഷിക്കുമെന്നും ദാവീദ് പറയുന്നു (സങ്കീ.39:1). നാവല്ല, പിന്നെയോ ശരീരത്തിലെ മറ്റ് അവയവങ്ങളാണ് പാപത്തിന്റെ വക്താക്കൾ എന്നാണ് സാധാരണയായി നാം ചിന്തിക്കാറുള്ളത്. എന്നാൽ ദാവീദ് പറയുന്നു, "ഞാൻ എന്റെ വായെ സൂക്ഷിക്കും".

കൊലോസ്സ്യർ 4:8 ൽ പറയുന്നു, "നിങ്ങളുടെ വാക്ക് എപ്പോഴും കൃപയോടുകൂടിയതും ഉപ്പിനാൽ രുചി വരുത്തിയതും ആയിരിക്കട്ടെ. ചിലപ്പോൾ നമ്മുടെ സംസാരത്തിൽ ദേഷ്യം കടന്നു കൂടുകയും അതുവരെ നമ്മൾ പറഞ്ഞതു മുഴുവൻ ദുഷിപ്പിക്കുകയും ചെയ്യാറുണ്ട്. "കപടമുള്ള അധരങ്ങളെ ഒക്കെയും വമ്പുപറയുന്ന നാവിനെയും യഹോവ ഛേദിച്ചുകളയും" (സങ്കീ 12:3). ഈ കാര്യങ്ങൾ തീർച്ചയായും വിശ്വാസികൾക്കുള്ള കർശനമായ മുന്നറിയിപ്പുകളാണ്.



"യഹോവേ, നിന്റെ കൂടാരത്തിൽ ആർ പാർക്കും? നിന്റെ വിശുദ്ധ പർവ്വതത്തിൽ ആർ വസിക്കും? നിഷ്കളങ്കനായി നടന്നു നീതി പ്രവർത്തിക്കുകയും ഹൃദയപൂർവ്വം സത്യം സംസാരിക്കുകയും ചെയ്യുന്നവൻ". 15–ാം സങ്കീർത്തനത്തിലെ ചോദ്യം നിങ്ങൾക്ക് മനസ്സിലായി എന്നു തോന്നുന്നു. നടപ്പും സംസാരവും നേരോടെ ആക്കുക, ഹൃദയത്തിൽ സത്യം സംസാരിക്കുക. 3–ാം വാക്യത്തിൽ പറയുന്നു, "നാവുകൊണ്ടു കുരളപറയാതെയും തന്റെ കുട്ടുകാരനോടു ദോഷം ചെയ്യാതെയും കൂട്ടുകാരനു അപമാനം വരുത്താതെയും ഇരിക്കുന്നവൻ.'' യാക്കോബ് അപ്പോസ്തലൻ പറഞ്ഞതുപോലെ ഒരു നിമിഷം ദൈവത്തെ സ്തുതിക്കുകയും അടുത്ത നിമിഷം മനുഷ്യനെ ശപിക്കുകയും ചെയ്യുന്നതുകൊണ്ട് മിക്കവാറും പ്രാർത്ഥനകളും നമ്മൾ തന്നെ തകർത്തുകളയുകയാണ് എന്ന് ഞാൻ വിശ്വസിക്കുന്നു. ദൈവദൂഷണമോ മ്ലേച്ഛമായ വാക്കുകളോ കൊണ്ടല്ല, മറിച്ച് മറ്റുള്ളവരെ വിമർശിക്കുന്നതിനാൽ തന്നെ. ഇപ്പോൾ വിശുദ്ധമായ കാര്യങ്ങളെപ്പറ്റി നമ്മുടെ നാവു പറയുന്നു. അടുത്ത നിമിഷം മോശമായ കാര്യങ്ങൾ പറയുന്നു. ശ്രദ്ധിക്കുക. ഹൃദയത്തിന്റെ ഒരു ചൂണ്ടുപലകയാണ് നാവ്.

''എന്റെ രക്ഷകന്റെ സ്തുതി പാടുവാൻ ആയിരം നാവെനിക്കു തരണമേ..."? എന്ന് വലിയ സഭായോഗങ്ങളിൽ പാടുമ്പോൾ ഞാൻ ഞെട്ടിപ്പോകാറുണ്ട് എന്നു പറഞ്ഞാൽ നിങ്ങൾ വിശ്വസിക്കുമോ? എന്റെ ദൈവമേ, അവർക്കു ആയിരം നാവുണ്ടായിരുന്നുവെങ്കിൽ, കുശുകുശുപ്പും, വിമർശനവും, ഏഷണിയും ഇപ്പോഴുള്ളതിനേക്കാൾ 999 മടങ്ങ് കാണുമായിരുന്നേനെ. ഭൂമി നരകമാകും, സഭയുടെ കാര്യവും തഥൈവ! അയ്യോ വേണ്ട, ഒരു നാവിനെ നിയന്ത്രിക്കാൻ നമുക്ക് കഴിയുകയില്ലെങ്കിൽ എങ്ങനെ 999 എണ്ണത്ത കൈകാര്യം ചെയ്യും? എത്ര പ്രാവശ്യം നമ്മൾ രക്ഷകന്റെ സ്തുതി പാടുന്നുണ്ട്? ഞായറാഴ്ച ആരാധനയിൽ അഞ്ചുനിമിഷം കൊണ്ട് പാടിത്തീർക്കുന്ന രണ്ടു സ്തോത്രഗീതങ്ങളിൽ ആ സ്തുതി ഒതുങ്ങിപ്പോകാറില്ലേ? ഒരാഴ്ചയിലെ ബാക്കി സമയം മുഴുവൻ അശ്രദ്ധവും നിസ്സാര സംഭാഷണം മാത്രം. ദൈവത്തെപ്പറ്റിയുള്ള ആഴമേറിയ കാര്യങ്ങൾ ഒഴിച്ച് ലോകത്തിലുള്ള മറ്റെല്ലാം സംസാരവിഷയമായിത്തീരും

(തുടരും).



# ബാലവേദി

## അലക്സാണ്ടറും സന്ന്യാസിയും



**യു**ദ്ധങ്ങളിലൂടെ ലോകം മുഴുവൻ കീഴടക്കിയ അലക്സാണ്ടർ ചക്രവർത്തി, ഒരിക്കൽ ഇന്ത്യയിലെത്തി. ഒരു യുദ്ധത്തിനുശേഷമെത്തിയ അദ്ദേഹം യാത്രയ്ക്കിടെ ഒരു ആശ്രമം കണ്ടു. അലക്സാണ്ടറും പരിവാരങ്ങളും ആശ്രമത്തിലേക്ക് ചെന്നു. അലക്സാണ്ടർ വരുന്നത് കണ്ടപ്പോഴേ ആശ്രമത്തിലെ സന്ന്യാസി ഉറക്കെ ചിരിക്കാൻ തുടങ്ങി.

സന്ന്യാസി തന്നെ അപമാനിക്കുന്നതുപോലെ, അലക്സാണ്ടറിന് തോന്നി. അദ്ദേഹം ദേഷ്യത്തോടെ പറഞ്ഞു: "ഒന്നുകിൽ തനിക്കെന്നെ മനസ്സിലായിട്ടില്ല. അല്ലെങ്കിൽ, തന്റെ മരണം അടുത്തുകഴിഞ്ഞു. ഞാനാണ് അലക്സാണ്ടർ ചക്രവർത്തി. ഇന്ന്, ഈ ലോകം മുഴുവൻ എന്റെ കാൽക്കീഴിലാണ്."

ഇതുകേട്ടതും സന്ന്യാസി വീണ്ടും ഉച്ചത്തിൽ ചിരിച്ചു. എന്നിട്ട് അലക്സാണ്ടറോട് പറഞ്ഞു: "ഞാൻ താങ്കളിൽ മഹത്തായതൊന്നും കാണുന്നില്ല. താങ്കൾ ഒരു സാധാരണമനുഷ്യൻ. അത്ര തന്നെ".

"താനെന്താ, വിഡ്ഢിത്തം പുലമ്പുകയാണോ... ഞാനീ ലോകം മുഴുവൻ കീഴടക്കിയ ആളാണ് അലക്സാണ്ടർ സന്ന്യാസിക്കുനേരേ ആക്രോശിച്ചു.

അപ്പോൾ, സന്ന്യാസി ശാന്തനായി പറഞ്ഞു: "ഞാൻ പറഞ്ഞതിൽത്തന്നെ ഉറച്ചുനിൽക്കുന്നു. താങ്കൾ ഒരു സാധാരണമനുഷ്യൻ മാത്രമാണ്. അത് ഞാൻ തെളിയിച്ചുതരാം."

ഒന്നു നിർത്തി, സന്ന്യാസി തുടർന്നു: "താങ്കൾ ഒരു വരണ്ട മരുഭൂമിയിൽ ഒറ്റയ്ക്കായിപ്പോയെന്ന് കരുതുക. കൊടും ചൂട്. തണലിനായെങ്ങും പച്ചപ്പുള്ള ഒരു മരമോ ചെടിയോ ഇല്ല. അടുത്തെങ്ങും വെള്ളവുമില്ല. താങ്കൾ ദാഹിച്ച് അവശനായിരിക്കുന്നു. കുറച്ച് നേരം കൂടി വെള്ളമില്ലാതിരുന്നാൽ, താങ്കൾ ദാഹിച്ചുമരിക്കും. അപ്പോഴാണ് ഒരാൾ, ഒരു ചെറിയ പാത്രത്തിൽ വെള്ളവുമായി വരുന്നത്. താങ്കൾ അയാളോട് വെള്ളം ചോദിക്കുന്നു. പക്ഷേ, അയാൾ വെള്ളം തരാൻ കൂട്ടാക്കുന്നില്ല. ഒരു ചെറിയ പാത്രത്തിലെ വെള്ളം വാങ്ങിക്കാൻ, താങ്കൾ അയാൾക്ക് എന്ത് പകരം കൊടുക്കും?"

അലക്സാണ്ടർ അല്പനേരം ആലോചിച്ചിട്ട് പറഞ്ഞു: "ജീവൻ നിലനിർത്തണമല്ലോ. ഞാൻ എന്റെ രാജ്യത്തിന്റെ പകുതി അയാൾക്ക് കൊടുക്കും".

ഇതുകേട്ട് സന്ന്യാസി ചോദിച്ചു: "അയാൾ അതിന് തയ്യാറായില്ലെങ്കിലോ?".

അലക്സാണ്ടർ ഉടൻ മറുപടി പറഞ്ഞു: "ഞാനെന്റെ രാജ്യം മുഴുവനും വെള്ളത്തിനായി അയാൾക്ക് കൊടുക്കും".

ഇതുകേട്ട് സന്ന്യാസി വീണ്ടും ചിരിച്ചുകൊണ്ട് പറഞ്ഞു: "അപ്പോൾ, താങ്കൾ ഇത്രയും കാലം വെട്ടിപ്പിടിച്ച് വിപുലമാക്കിയ ഈ രാജ്യത്തിന് വെറുമൊരു ചെറിയ പാത്രത്തിലെ വെള്ളത്തിന്റെ വിലയേയുള്ളൂ എന്നല്ലേ, ഈ പറഞ്ഞതിനർഥം. അതാണ് ഞാനാദ്യം പറഞ്ഞത്, താങ്കളൊരു സാധാരണക്കാരൻ മാത്രമാണെന്ന്. താങ്കൾക്കുണ്ടെന്ന് താങ്കൾ കരുതുന്ന മഹത്ത്വങ്ങളെല്ലാം വെറും മായയാണെന്ന്, ഇപ്പോൾ മനസ്സിലായില്ലേ?"

ഇതുകേട്ട് അലക്സാണ്ടർ തലകുനിച്ച് മടങ്ങിപ്പോയി.

## ചിൻ ഡോഗു




**യൂ**ട്യൂബിൽ ഒരു കൊച്ചു വീഡിയോ ഉണ്ട് - ഫ്രെയിമിന്റെ ഇരുവശത്തും കൊച്ചു ഫാനുകൾ ഫിറ്റ് ചെയ്ത ഒരു കണ്ണടയുമായി ഒരാൾ. ഫാൻ കറക്കിക്കൊണ്ട് അയാൾ വീഡിയോ ഷൂട്ട് ചെയ്യുന്ന പെൺകുട്ടിയോട് ചോദിച്ചു: "ഇത് എന്തിനാണെന്നറിയാമോ?".

"കൂളായിരിക്കാൻ. കൈകളും മറ്റും തണുപ്പിക്കാൻ.." പെൺകുട്ടി പറഞ്ഞു.

"അല്ല.." ചിരിച്ചുകൊണ്ട് കണ്ണടക്കാരൻ പറഞ്ഞു: "ഫോർ ഒനിയൻ..!".

ഉള്ളി മുറിക്കുമ്പോൾ അതിൽ നിന്നുള്ള കണ്ണീർവാതകം കണ്ണിലേക്ക് വരാതെ നോക്കാനാണ് ആ ഫാൻ കണ്ണട!

എന്തൊരു രസികൻ കണ്ടുപിടിത്തം, അല്ലേ? എന്നാൽ, ആരെങ്കിലും ഫാൻ പിടിപ്പിച്ച കണ്ണട ധരിച്ച് ഉള്ളി മുറിക്കുമോ? ഇല്ലേയില്ല.

കെൻജി കവാകാമി എന്ന ആ ജപ്പാൻകാരന്റെ കണ്ടുപിടിത്തങ്ങളുടെ പ്രത്യേകത അതാണ്. ഉപകാരമുണ്ടെന്നു തോന്നും. പക്ഷേ, കണ്ടാൽ ചിരിവരുന്നത്ര വിചിത്രമായിരിക്കും.

കെൻജിയുടെ ഇത്തരം കണ്ടുപിടിത്തങ്ങൾക്ക് ഒരു പേരുണ്ട് 'ചിൻഡോഗു!'

## നാണയത്തിന്റെ വരമ്പുകൾ!



**നാ**ണയത്തിന്റെ അരികുകൾ പലതരത്തിൽ കാണാം. ചില നാണയങ്ങളുടെ ചുറ്റും വരമ്പുപോലെ കുറച്ച് പൊങ്ങി വേറിട്ടുനിൽക്കുന്ന ഭാഗം ശ്രദ്ധിച്ചിട്ടുണ്ടോ? ഇത്തരം വരമ്പുകളുണ്ടാക്കുന്നത് നാണയത്തിന്റെ സുരക്ഷയ്ക്കുവേണ്ടിയാണ്. പണ്ടുകാലങ്ങളിലെ സ്വർണം, വെള്ളി നാണയങ്ങളിലാണ് ഇത് കൂടുതലായും കാണുക. പണ്ട് ഇത്തരം നാണയങ്ങളിൽനിന്ന് ആളുകൾ കുറച്ച് ഭാഗം ചുരണ്ടിയും മുറിച്ചുമെല്ലാം എടുക്കുമായിരുന്നു. അതുകൊണ്ടുതന്നെ കള്ളനാണയങ്ങളും യഥാർഥ നാണയങ്ങളും തമ്മിൽ തിരിച്ചറിയുക എളുപ്പമായിരുന്നില്ല. ഈ പ്രവൃത്തി തടയാനാണ് വരമ്പുകൾ പണിയാൻ തുടങ്ങിയത്. ഇത്തരം നാണയങ്ങളിൽനിന്ന് ലോഹം ചുരണ്ടിയെടുക്കാൻ എളുപ്പമല്ല. അതുകൊണ്ട് ഒരു സുരക്ഷാസവിശേഷതയായി ഇത് ഉപയോഗിക്കുന്നു.

## വിഡ്ഢികളുടെ സ്വർണ്ണം



**മി**ന്നുന്നതെല്ലാം പൊന്നല്ല എന്ന് കേട്ടിട്ടില്ലേ? അതുപോലെ മിന്നുകയും എന്നാൽ പൊന്നല്ലാത്തതുമായ ഇരുമ്പ് പൈറേറ്റ് (Fes2) എന്ന ധാതുവിനെയാണ് വിഡ്ഢികളുടെ സ്വർണം എന്ന് വിളിക്കുന്നത്.

നിറത്തിലും തിളക്കത്തിലും സ്വർണത്തോട് വളരെ സാമ്യമുള്ളതാണ് ഇരുമ്പ് പൈറേറ്റ്. ഇത് കണ്ട് ആളുകൾ പലപ്പോഴും കബളിപ്പിക്കപ്പെടുകയും സ്വർണ്ണമായി തെറ്റിദ്ധരിക്കുകയും ചെയ്തതിനാലാണ് 'വിഡ്ഢികളുടെ സ്വർണ്ണം' എന്ന പേര് വന്നത്. സ്വർണ്ണത്തെക്കുറിച്ച് ധാരണയില്ലാത്തവരാണ് ഇവിടെ വിഡ്ഢികൾ. വളരെയധികം ഗുണങ്ങളുള്ളതിനാൽ വിശിഷ്ടമായ ലോഹമായാണ് സ്വർണത്തെ കണക്കാക്കുന്നത്. യഥാർഥത്തിൽ ഇരുമ്പും സൾഫറും അടങ്ങിയ ഈ സൾഫൈഡ് ധാതുവിന് സ്വർണത്തിന്റേതായ സവിഷേതകൾ ഒന്നുമില്ല.

ഓക്സിജനുമായുള്ള പ്രവർത്തനം ഇരുമ്പ് പൈറേറ്റിന്റെ തിളങ്ങുന്ന നിറം ഇരുണ്ട തവിട്ട് നിറമാക്കി മാറ്റും. അതുകൊണ്ടുതന്നെ വിലയേറിയ ലോഹമെന്ന നിലയിൽ ഇതിന് മൂല്യമില്ല.

## ഫോണേ, നീയില്ലെങ്കിൽ




**'എ**പ്പോഴും ഫോൺ കൈയിൽ വേണം. യാത്രയിൽ പോലും ഫോൺ പോക്കറ്റിൽ ഇടില്ല. ഇടയ്ക്കിടെ നോക്കിക്കൊണ്ടിരിക്കണം. ഉറങ്ങാൻ കിടന്നാലും ഫോൺ അടുത്തുതന്നെ'. ഒമ്പതാം ക്ലാസുകാരനായ മകനോടൊപ്പമെത്തിയ പിതാവ് പ്രശ്നം അവതരിപ്പിച്ചു. കൂടുതൽ ചോദിച്ചറിഞ്ഞപ്പോൾ ഫോണിനോടല്ലാതെ കുട്ടിക്ക് മറ്റൊന്നിനോടും താത്പര്യമില്ലെന്നും പഠനത്തിൽ വളരെ പിന്നിലാണെന്നും മനസിലായി. സംസാരം കുറവ്. കൂട്ടുകാർക്കൊപ്പം കളിയില്ല. സ്കൂൾ വിട്ടുവന്നാൽ മുറിയടച്ച് ഫോണുമായി ഒറ്റ ഇരിപ്പാണ്. ഏറെ നിർബന്ധിച്ചാലേ ഭക്ഷണം കഴിക്കാൻ എത്തൂ. കഴിക്കുന്നതിനിടയിലും ഫോൺ നോക്കിക്കൊണ്ടിരിക്കും. ഇതേക്കുറിച്ച് സംസാരിച്ചാൽ ബഹളം വയ്ക്കുകയും എന്തെങ്കിലുമെടുത്ത് എറിയുകയും ചെയ്യും' -മകനെക്കുറിച്ച് വിവരിച്ചുകൊണ്ടിരുന്ന ആ പിതാവിന്റെ ദയനീയമുഖം സങ്കടപ്പെടുത്തി.

ഫോണിന് അടിമപ്പെട്ട് സ്വന്തം ജീവിതവും മറ്റുള്ളവരുടെ സമാധാനവും ഇല്ലാതാക്കുന്ന ആയിരക്കണക്കിന് പേരുണ്ട് നമുക്കു ചുറ്റും. ഇത്തരക്കാർ ഒരിക്കലും സ്വന്തം ജീവിതം എന്തെന്നറിയുകയോ അത് ആസ്വദിക്കുകയോ ചെയ്യുന്നില്ല. സംഗതിയുടെ ഗൗരവം ഇവർക്കു തിരിച്ചറിയാനാകാത്തതിനാൽ ഇത്തരക്കാരെ സാധാരണജീവിതത്തിലേക്ക് തിരിച്ചുകൊണ്ടുവരാൻ കുറച്ചു ബുദ്ധിമുട്ടുമാണ്.

ഇന്നത്തെ കാലത്ത് ഫോൺ ഒഴിച്ചുകൂടാനാവാത്ത ഒന്നുതന്നെ. എന്നാൽ ഫോൺ ജീവിതത്തിന്റെ സാധാരണ പ്രവർത്തനങ്ങളെ ബാധിച്ചും നിയന്ത്രിച്ചും തുടങ്ങിയാൽ അതീവ ജാഗ്രത പുലർത്തുകതന്നെ വേണം. ഏതു പ്രശ്നത്തിനു പിന്നിലും ഒരു കാരണമുള്ളതുപോലെ ഒരാൾ ഫോണിന് അടിമയാകുന്നതിനും കാരണങ്ങളുണ്ട്. അത് തിരിച്ചറിഞ്ഞ് യഥാസമയം കൗൺസലിംഗ് ലഭ്യമാക്കാനായാൽ ഈ കുരുക്കിൽ നിന്നു പുറത്തു കടക്കാനാകും.

# ദൈവത്തിങ്കലേക്കുള്ള മാനസാന്തരം



ജീവസന്ദേശം



ടി.എം. വർഗ്ഗീസ് ഓതറ

**ലോ**കത്തിലേക്ക് വന്നപ്പോൾ യേശു പൂർണ്ണ ദൈവവും പൂർണ്ണ മനുഷ്യനും ആയിരുന്നു. ക്രുശിൽ മരിച്ചപ്പോൾ മനുഷ്യവർഗ്ഗത്തിന്റെ മുഴുവൻ പാപത്തിന്റെയും ശിക്ഷയാണ് അവിടുന്ന് ഏറ്റെടുത്തത്. നിത്യത മുഴുവൻ ദൈവത്തിൽ നിന്നും വേർപെടുന്നതാണ് നമ്മുടെ പാപത്തിന്റെ ശിക്ഷ. യേശു ക്രുശിൽ കിടന്നപ്പോൾ സ്വർഗ്ഗത്തിലുള്ള തന്റെ പിതാവിൽ നിന്നും താൻ പൂർണ്ണമായും വേർപെട്ടവനായി. അത്തരം വേർപാടാണ് ഏതൊരു വ്യക്തിക്കും അനുഭവിക്കാവുന്ന ഏറ്റവും കഠിനമായ കഷ്ടത.

ദൈവ സാന്നിദ്ധ്യം ഒട്ടും ഇല്ലാത്ത പ്രപഞ്ചത്തിലെ ഏക സ്ഥലം നരകമാണ്. തന്മൂലം നരകത്തിൽ പിശാചിലുള്ള എല്ലാ തിന്മയും പൂർണ്ണമായും വെളിപ്പെടുന്നു. നരകത്തിൽ പോകുന്ന എല്ലാവർക്കും ജീവിതം ദുസ്സഹമാക്കുന്നത് ഈ തിന്മയാണ്. യേശു ക്രൂശിൽ കിടന്നപ്പോൾ ആ ശിക്ഷയാണ് അനുഭവിച്ചത്. ആകെ ആറു മണിക്കൂർ സമയം അവിടുന്ന് കുശിൽ കിടന്നെങ്കിലും ഒടുവിലത്തെ മൂന്നു മണിക്കൂർ സമയത്തായിരുന്നു ദൈവത്താൽ കൈവിടപ്പെട്ടത്. സൂര്യൻ ഇരുണ്ടുപോകയും ഭൂമി കുലുങ്ങുകയും ചെയ്തു. സ്വർഗ്ഗസ്ഥ പിതാവിനോടുള്ള പുത്രന്റെ കൂട്ടായ്മ വിച്ഛേദിക്കപ്പെട്ടു. പിതാവ് പുത്രനായ ക്രിസ്തുവിന്റെ തലയാകയാൽ (1 കൊരി. 11:3), പിതാവിനാൽ കൈവിടപ്പെട്ടപ്പോൾ യേശു അനുഭവിച്ച യാതന നമ്മുടെ ബുദ്ധിക്ക് ഗ്രഹിക്കാവുന്നതിനും അപ്പുറമാണ്.

യേശു കേവലം സൃഷ്ടിയായ ഒരു മനുഷ്യനായിരുന്നെങ്കിൽ, ആദം മുതൽ ജീവിച്ച ലക്ഷോപലക്ഷം ജനങ്ങളുടെ നരകശിക്ഷ ഏറ്റെടുക്കാൻ കഴികയില്ലായിരുന്നു. പത്തുലക്ഷം കൊലപാതകരുടെ സ്ഥാനത്ത് ഒരുവൻ തൂക്കിലേറ്റപ്പെടുന്നത് മതിയാകയില്ലല്ലോ? യേശു നിത്യനായ സാക്ഷാൽ ദൈവമാകയാൽ ആ ശിക്ഷ ഏറ്റെടുക്കാൻ സാദ്ധ്യമായിത്തീർന്നു. യേശു അനന്തതയുള്ള ദൈവമാകയാൽ നിത്യമായ ശിക്ഷാവിധി മൂന്നു മണിക്കൂർ സമയം കൊണ്ട് വഹിക്കുവാനും കഴിഞ്ഞു.

യേശു ദൈവമല്ലായിരുന്നെങ്കിൽ പിതാവായ ദൈവം നമ്മുടെ പാപത്തിനായി അവനെ ശിക്ഷിക്കുന്നത് കടുത്ത അനീതിയായേനേ. സ്വയം തയ്യാറാകുകയാണെങ്കിലും ഒരുവന്റെ കുറ്റത്തിനുവേണ്ടി ദൈവം മറ്റൊരുവനെ ശിക്ഷിക്കുകയില്ല. നിങ്ങളുടെ സുഹൃത്തിന് നിങ്ങളുടെ കുറ്റത്തിന് ശിക്ഷ ഏറ്റുവാങ്ങി തൂക്കുമരത്തിലേറാൻ അനുവാദമില്ല. അത് അനീതിയാണ്. യേശു കേവലം ഒരു സൃഷ്ടി ആയിരുന്നെങ്കിൽ, നമ്മുടെ പാപത്തിന്റെ ശിക്ഷ ഏറ്റെടുക്കുന്നത് തികച്ചും അനീതി തന്നെയാവും. ഒരു സൃഷ്ടിക്കും നമ്മുടെ പാപത്തിന്റെ ശിക്ഷ ഏറ്റെടുക്കാൻ സാദ്ധ്യമല്ല. പ്രപഞ്ചത്തിന്റെ സൃഷ്ടാവും ന്യായാധിപനുമാകയാൽ ദൈവത്തിനു മാത്രമേ ആ ശിക്ഷ ഏറ്റെടുക്കാൻ കഴിയൂ. നമ്മെ ശിക്ഷിക്കാൻ ദൈവത്തിന് അധികാരം ഉള്ളതുപോലെ ആ ശിക്ഷ സ്വയം ഏറ്റെടുക്കാനും അവിടുത്തേക്ക് അധികാരമുണ്ട്. യേശുക്രിസ്തു എന്ന വ്യക്തിത്വത്തിൽ ഭൂമിയിലേക്ക് വന്ന് അവിടുന്ന് ചെയ്തത് ആ കാര്യമാണ്.

ക്രിസ്തീയ വിശ്വാസത്തിന്റെ അടിത്തറ രണ്ട് മഹൽ സത്യങ്ങളിൽ അധിഷ്ഠിതമായിരിക്കുന്നു. ഒന്ന്: ക്രിസ്തു മനുഷ്യവർഗ്ഗത്തിന്റെ പാപങ്ങൾക്കു വേണ്ടി മരിച്ചു. രണ്ട്: മൂന്നാം നാൾ അവിടുന്ന് മരിച്ചവരുടെ ഇടയിൽ നിന്നും ഉയിർത്തെഴുന്നേറ്റു.

ക്രിസ്തു മരിച്ചവരിൽ നിന്നും പുനരുത്ഥാനം ചെയ്തില്ലായിരുന്നെങ്കിൽ അവിടുന്നു ദൈവമായിരുന്നു എന്നതിന് തെളിവില്ലായിരുന്നു. യേശു പറഞ്ഞ കാര്യങ്ങൾ എല്ലാം സത്യമായിരുന്നു എന്നതിന്റെ തെളിവ് അവിടുത്തെ ഉയിർത്തെഴുന്നേൽപ്പാണ്. ലോകത്തിന്റെ പാപത്തിനായി താൻ ജീവനെ കൊടുക്കും എന്ന് ഒരു മതനേതാവും പറഞ്ഞിട്ടില്ല. ഒരു മതനേതാവും മരണത്തിൽ നിന്നും ഉയിർത്തിട്ടില്ല. ഈ രണ്ടു കാര്യങ്ങൾ മാത്രം മതി യേശു ക്രിസ്തുവിന്റെ നിസ്തുലത തെളിയിക്കുവാൻ.

മറ്റുള്ളവർക്ക് നന്മ ചെയ്യാനും സമാധാനത്തിൽ ജീവിക്കാനും എല്ലാ മതങ്ങളും പഠിപ്പിച്ചേക്കാം. എന്നാൽ ക്രിസ്തീയ വിശ്വാസത്തിന് അനന്യമായ ഒരടിസ്ഥാനമുണ്ട്. ക്രിസ്തു നമ്മുടെ പാപങ്ങൾക്കുവേണ്ടി മരിക്കയും മരിച്ചവരുടെ ഇടയിൽ നിന്ന് ഉയിർത്തെഴുന്നേൽക്കയും ചെയ്തു. ഈ രണ്ട് അടിസ്ഥാന സത്യങ്ങൾ മാറ്റിയാൽ ക്രിസ്ത്യാനിത്വം മറ്റേതു മതം പോലെ മാത്രമാവും. ഈ രണ്ട് സത്യങ്ങളാണ് ക്രിസ്ത്യാനിത്വത്തെ നിസ്തുലമാക്കുന്നത്.

ദൈവത്തിനായി ജീവിക്കേണ്ടതിനാണു നമ്മെ എല്ലാം ദൈവം സൃഷ്ടിച്ചത്. എന്നാൽ നാം നമുക്കുവേണ്ടി മാത്രം ജീവിച്ചുപോയി. തന്മൂലം നാം ദൈവത്തിന്റെ അടുത്തേക്ക് വരുമ്പോൾ അവിടുത്തേക്ക് സ്വന്തമായിരുന്ന നമ്മുടെ ജീവിതം ഇത്രയുംനാൾ അപഹരിച്ച് നമ്മുടെ സ്വന്തം എന്ന നിലയിൽ ഉപയോഗിച്ചതിനെപ്പറ്റി അനുതാപത്തോടെ വരണം. നമുക്കുവേണ്ടി ക്രിസ്തു മരിച്ചതിലുള്ള നന്ദിയോടും, മരിച്ചവരിൽ നിന്നും ഉയിർത്തവനായി അവിടുന്ന് ഇന്നും ജീവിക്കുന്നു എന്ന വിശ്വാസത്തോടുംകൂടെ നാം ദൈവത്തിന്റെ അടുത്തുവരണം. ഇന്നും ജീവിക്കുന്നവനല്ലെങ്കിൽ നമുക്ക് അവനോട് പ്രാർത്ഥിക്കാൻ കഴികയില്ല. മരിച്ച വ്യക്തിയോട് പ്രാർത്ഥിക്കാൻ പറ്റില്ലല്ലോ? യേശു മരിച്ചുയിർത്ത് ജീവിക്കുന്നതിനാൽ നമുക്ക് അവിടുത്തോട് സംസാരിക്കാൻ കഴിയും. (തുടരും)



# ഞാനും എന്റെ കുടുംബവും



**മ**ക്കളുടെ കാവൽക്കാരും ഉത്തരവാദികളുമാണ് ക്രിസ്തീയ മാതാപിതാക്കൾ. ഇതൊരു വലിയ ഭാരമായിക്കരുതാതെ ദൈവത്തിൽ നിന്നു ലഭിച്ച ഒരു അനുഗൃഹീത പദവിയായി കാണുകയാണ് നാം ചെയ്യേണ്ടത്. നമ്മെ പ്രോത്സാഹിപ്പിക്കുന്ന ചില ബൈബിൾ മാതൃകകൾ കൂടി പരിശോധിക്കാം.

"നിങ്ങൾ ആരെ സേവിക്കും എന്ന് ഇന്നു തെരഞ്ഞെടുത്തു കൊള്ളുവിൻ. ഞാനും എന്റെ കുടുംബവുമോ, ഞങ്ങൾ യഹോവയെ സേവിക്കും" ദൈവപുരുഷനായ യോശുവയുടെ അന്ത്യവാക്കുകളാണിവ. തന്റെയും തന്റെ മക്കളുടെയും ആത്മീയനിലപാടു സംബന്ധിച്ച് വ്യക്തതയും ഉറപ്പും അദ്ദേഹത്തിനുണ്ടായിരുന്നു. മക്കളെ ദൈവമാർഗ്ഗത്തിൽ ശിക്ഷണം നൽകി വളർത്തിയ ഒരു പിതാവിനു മാത്രമേ ഇവ്വിധം ഉറപ്പായി ഒരു പരസ്യപ്രസ്താവന നടത്താൻ കഴിയൂ.

പ്രിയ മാതാപിതാക്കളേ, നമുക്ക് വെല്ലുവിളി ഏറ്റെടുക്കാം. "ദൈവ വചനത്തിന്റെ അടിസ്ഥാനത്തിൽ ഇതാണ് ഞങ്ങളുടെ ജീവിതദർശനം അഥവാ നിലപാട്" എന്ന് നമ്മുടെ മക്കൾ അഭിമാനപൂർവ്വം എവിടെയും സധൈര്യം പറയുമാറ് നാമവരെ പരിശീലിപ്പിക്കേണ്ടിയിരിക്കുന്നു. ഇത് സണ്ടേസ്ക്കൂൾ അധ്യാപകനോ, പാസ്റ്റർക്കോ ചെയ്യാൻ കഴിയുന്നതല്ല, നാം തന്നെ വ്യക്തിപരമായി ചെയ്യേണ്ടതാണ്. നമ്മുടെ മക്കൾ ക്രിസ്തുവിന്റെ അനുഗാമികളും സത്യസാക്ഷികളും ആയിത്തീരട്ടെ. "...അവരുടെ ഇടയിൽ നിങ്ങളുടെ നടപ്പ് നന്നായിരിക്കേണം" എന്ന പ്രബോധനം നാം സഗൗരവം ഏറ്റെടുക്കുക. മക്കൾക്കായി പ്രാർത്ഥിക്കുന്ന ഇയ്യോബ് എല്ലാ നിലയിലും മാതൃകായോഗ്യമായി ജീവിച്ച ഒരു നല്ല പിതാവും ഭർത്താവും നേതാവുമായിരുന്നു. "അവൻ നിഷ്കളങ്കനും നേരുള്ളവനും ദൈവഭക്തനും ദോഷം വിട്ടകലുന്നവനും ആയിരുന്നു". എന്നാൽ അതിലുപരിയായി തന്റെ മക്കളുടെ ആത്മീയനിലയെപ്പറ്റി വളരെ കരുതലുള്ളവനുമായിരുന്നു".



"എന്നാൽ വിരുന്നുനാളുകൾ അവസാനിക്കുമ്പോൾ, "ഒരുപക്ഷേ എന്റെ പുത്രന്മാർ പാപം ചെയ്ത് ദൈവത്തെ ഹൃദയംകൊണ്ട് ത്യജിച്ചു പോയിരിക്കും" എന്നു പറഞ്ഞ് ഇയ്യോബ് ആളയച്ച് അവരെ വരുത്തി ശുദ്ധീകരിക്കുകയും അതിരാവിലെ എഴുന്നേറ്റ് അവരുടെ സംഖ്യക്ക് ഒത്തവണ്ണം ഹോമയാഗങ്ങൾ കഴിക്കുകയും ചെയ്യും. ഇങ്ങനെ ഇയ്യോബ് എല്ലായ്പ്പോഴും ചെയ്തുപോന്നു", മക്കളെ സംബന്ധിച്ചുള്ള ഇയ്യോബിന്റെ ശുഷ്കാന്തി നാം ശ്രദ്ധിക്കുക. മക്കൾ സ്വയം ശരിയായിക്കൊള്ളും' എന്ന് ചിന്തിക്കുന്നവരാണോ നിങ്ങൾ എങ്കിൽ നിങ്ങൾ മൂഢസ്വർഗ്ഗത്തിലാണെന്നോർക്കുക. മക്കൾക്കായി നിങ്ങൾ. വ്യക്തിപരമായി ഇടിവിൽനിന്ന് ദൈവത്തോട് മധ്യസ്ഥത ചെയ്യണം, അവർക്കായി വളരെ പ്രാർത്ഥിക്കണം; കുടുംബപ്രാർത്ഥന സജീവമാക്കണം. മക്കൾക്കായുള്ള നിങ്ങളുടെ പ്രാർത്ഥനയും കണ്ണീരും ശുഷ്കാന്തിയും അവരും കാണട്ടെ. അതവരുടെ ഹൃദയത്തെ നന്നായി സ്വാധീനിക്കും അവർ വഴിപിഴച്ചു പോവില്ല.

കർത്താവിൽ പ്രസിദ്ധനായ രൂഫോസ് റോമയിലെ സഭയിൽ അനുഗൃഹീതനായ ഒരു സഹോദരനായിരുന്നു. "കർത്താവിൽ പ്രസിദ്ധനായ (a choice man in the Lord) രൂഫോസിനെയും എനിക്കും അമ്മയായ അവന്റെ അമ്മയെയും വന്ദനം ചെയ്യുവിൻ". അതീവ ദൈവഭക്തയായിരുന്ന അവന്റെ മാതാവിനെ പൗലൊസ് അപ്പൊസ്തലൻ സ്വന്തം മാതാവിനെപ്പോലെ കരുതി ബഹുമാനിച്ചിരുന്നു.

എന്നാൽ ഇതെങ്ങനെ സംഭവിച്ചുവെന്നു നോക്കാം. രൂഫോസിന്റെ പിതാവ് ശിമോനിൽ നിന്നാണ് ആത്മീയ മുന്നേറ്റത്തിന്റെ തുടക്കം. കർത്താവായ യേശുവിന്റെ ക്രൂശ് ചുമക്കാൻ നിർബ്ബന്ധിതനായിത്തീർന്ന സാക്ഷാൽ കുറേനക്കാരനായ ശിമോൻ! "അലക്സന്തരിന്റെയും രൂഫോസിന്റെയും അപ്പനായി വയലിൽനിന്നു വരുന്ന കുറേനക്കാരനായ ശിമോനെ അവന്റെ ക്രൂശ് ചുമപ്പാൻ അവർ നിർബ്ബന്ധിച്ചു".

ആ സംഭവം പാവപ്പെട്ട കൃഷിക്കാരനായിരുന്ന ശിമോന്റെ ജീവിതത്തെ മാറ്റിമറിച്ചുവെന്നു പറയാം. ചില മിനിട്ടുകൾ യേശുവിനോടു ചേർന്നു നടക്കാനും തന്റെ ജീവിതത്തെ അടുത്തറിയുവാനും ശിമോനു ഭാഗ്യം കൈവന്നു. ഇത്രയേറെ പീഡനങ്ങൾ ഏറ്റിട്ടും ആവലാതിയോ പിറുപിറുപ്പോ ശാപവാക്കുകളോ കൂടാതെ പ്രശാന്ത ശോഭിതമായിരുന്ന ആ മുഖത്തിന്റെ ദർശനം അയാൾക്കു പുതിയൊരു അനുഭവമായിരുന്നിരിക്കണം.

ഒരുപക്ഷേ യേശുവിന്റെ ക്രൂശീകരണത്തിനും തുടർന്നു നടന്ന അത്ഭുത സംഭവങ്ങൾക്കും സാക്ഷിയായി അയാൾ കുറേ നേരം അവിടെ ചുറ്റിപ്പറ്റി നിന്നിരിക്കാം. ഈ അനുഭവങ്ങൾ കുറേനക്കാരൻ ശിമോനെ ഒരു പുതിയ സൃഷ്ടിയാക്കി മാറ്റി. അയാൾ അന്നു രാത്രി വീട്ടിൽച്ചെന്ന് ഭാര്യയോടും മക്കളോടും തനിക്കുണ്ടായ ഈ പ്രത്യേകമായ അനുഭവം വിവരിച്ചിട്ടുണ്ടാകും. ചുരുക്കിപ്പറയട്ടെ, ആ കുടുംബം മുഴുവൻ ക്രിസ്തുവിന്റെ അനുഗാമികളായി മാറി.

തന്റെ ഭാര്യയെയും മുതിർന്ന മക്കളെയുമെല്ലാം സ്വാധീനിക്കുന്നതിനും രൂപാന്തരപ്പെടുത്തുന്നതിനും ശക്തിയുള്ളതായിരുന്നു ശീമോന്റെ ക്രിസ്തീയസാക്ഷ്യം. ഒരു പിതാവെന്ന നിലയിൽ അദ്ദേഹം തന്റെ കടമ ഭംഗിയായി നിറവേറ്റി, മകൻ കർത്താവിൽ പ്രസിദ്ധനും ഭാര്യ അതീവ ദൈവഭക്തയുമായി തീർന്നു. ഒരുപക്ഷേ പൗലൊസ് അപ്പൊസ്തലൻ റോമക്കാർക്ക് ലേഖനമെഴുതുമ്പോഴേക്കും ശിമോൻ ഈ ലോകം വിട്ട് കടന്നുപോയിരിക്കാം.


അങ്ങേയറ്റം സമർപ്പിതനായ ഒരു ക്രിസ്തുശിഷ്യനായിരുന്നു യുവാവായ തിമൊഥെയോസ്, അപ്പൊസ്തലനായ പൗലോസിന്റെ പുത്രനും സഹപ്രവർത്തകനും മിഷനറി യാത്രകളിലെ സഹചാരിയുമായിരുന്നു തിമൊഥെയോസ്.

നിങ്ങളുടെ ദേശത്ത് ലൈഫ്ട്രാക്ക് ഗോസ്പൽ ടീമിന്റെ സുവിശേഷീകരണപ്രവർത്തനം (ഭവനസന്ദർശനം, പരസ്യയോഗം) ആവശ്യമെങ്കിൽ വിളിക്കുക : ടൈറ്റസ് കാർത്തികപ്പള്ളി ✆: 9847232598



# വെളിപ്പാടിലെ വസ്തുതകൾ

തുടർച്ച



“വിശുദ്ധനോ കഠിനപാപിയോ അല്ല” എന്നു സാധാരണ നല്കാറുള്ള വിശദീകരണം ശരിയല്ല. കുടിവെള്ളത്തിന്റെ പ്രതീകമാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. ചൂടുള്ള വെള്ളം കുടിക്കാൻ കൊള്ളാം. തണുത്തവെള്ളമാണെങ്കിലും നല്ലതുതന്നെ. എന്നാൽ ഇതുരണ്ടുമല്ലാത്ത ‘വാട്ടവെള്ളം’ അരോചകമാണ്. ലീക്കസ് നദിയുടെ മറുകരെ ലാവോദിക്യായിൽ നിന്ന് ഏകദേശം 6 കി.മീ അകലെ ഹിയെരാപ്പോളിസ് എന്നൊരു നഗരമുണ്ട്. ആ നഗരത്തിൽ ഔഷധസിദ്ധിയുള്ള തിളയ്ക്കുന്ന വെള്ളം പുറപ്പെടുവിക്കുന്ന ഉറവകളുണ്ട്. അവിടെനിന്നും ഒഴുകിവരുന്ന വെള്ളം ലാവോദിക്യായിൽ എത്തുമ്പോഴേക്കും ചൂടും തണുപ്പുമില്ലാത്ത വാട്ടവെള്ളമായിത്തീരും. അതു വായിലൊഴിക്കുന്ന അപരിചിതർ ഉടനെ തുപ്പിക്കളയും. ഈ പ്രതീകമാണ് ലേഖനത്തിൽ ഉപയോഗിച്ചിരിക്കുന്നത്. ആന്തരിക ചൈതന്യം നഷ്ടപ്പെട്ട സഭയുടെ അവസ്ഥയെ ഇതു വിശേഷിപ്പിക്കുന്നു. ചൂടോ തണുപ്പോ ഉള്ളത് സ്വീകാര്യമായ അവസ്ഥയെ സൂചിപ്പിക്കുമ്പോൾ മന്ദോഷ്ണത തികച്ചും അരോചകവും അസ്വീകാര്യവുമായ അവസ്ഥയെയാണു സൂചിപ്പിക്കുക.

**3:16**, തുപ്പിക്കളയാൻ പോകുന്നു എന്നത് വലിയ ശിക്ഷയുടെ മുന്നറിയിപ്പാണ്. കർത്താവിന് അറപ്പുളവാക്കുന്ന അവസ്ഥയാണ് ക്രിസ്ത്യാനിയുടെ മന്ദോഷ്ണത. വിശ്വാസം മന്ദീഭവിച്ച്, സ്നേഹം എരിഞ്ഞടങ്ങി, കർത്താവിന്റെ കാര്യത്തിൽ യാതൊരു താല്പര്യവുമില്ലാത്ത, വിശ്വാസ സംബന്ധിയായ എല്ലാ വിഷയങ്ങളോടും പരിപൂർണ്ണ നിസ്സംഗത പുലർത്തുന്ന ഈ അവസ്ഥ, കർത്താവിന് ഏറ്റം അരോചകമാണ്. ഇതിന്റെ വിശദീകരണം അടുത്ത വാക്യത്തിൽ നല്കുന്നു.

**3:17**, ഭൗതികമായ കാഴ്ചപ്പാടിൽ ഒന്നിലും കുറവില്ലാത്തതായിരുന്നു ലാവോദിക്യായിലെ സഭ. എന്നാൽ അവർ അഭിമാനിച്ചിരുന്ന ഓരോ കാര്യവും എടുത്തുകാട്ടിക്കൊണ്ട് ഉത്ഥിതനായ നാഥൻ അവരുടെ സത്യാവസ്ഥ വെളിപ്പെടുത്തുന്നു. റോമൻ ചക്രവർത്തി വച്ചുനീട്ടിയ സഹായം നിരസിക്കാൻ മാത്രം സമ്പന്നരായ അവർ യഥാർത്ഥത്തിൽ പരമദരിദ്രരാണ്. ലോകപ്രസിദ്ധിയാർജ്ജിച്ച കമ്പിളിക്കുപ്പായങ്ങൾ കയറ്റി അയയ്ക്കുന്നവർ ദൈവത്തിന്റെ മുമ്പിൽ നഗ്നരാണ്. കണ്ണു ചികിത്സയ്ക്കു വിഖ്യാതമായ ഔഷധം നിർമ്മിക്കുന്നവർ ആത്മീയമായി അന്ധരാണ്. ഭൗതിക സമ്പത്തിന്റെയും പ്രൗഢിപ്രഭാവങ്ങളുടെയും മായാവലയത്തിൽ ആത്മീയ യഥാർത്ഥ്യങ്ങളെക്കുറിച്ചുള്ള ഉൾക്കാഴ്ച നഷ്ടപ്പെട്ടവർ മൂഢസ്വർഗ്ഗത്തിലാണു കഴിയുക. മനുഷ്യരുടെ മുമ്പിൽ എങ്ങനെ കാണപ്പെടുന്നു എന്നതല്ല, ദൈവതിരുമുമ്പിൽ എങ്ങനെ ആയിരിക്കുന്നു എന്നതാണ് പ്രധാനം.

**3:18**, നല്കുന്ന ഉപദേശം ലാവോദിക്യക്കാരുടെ അഹങ്കാരത്തെ അടിയോടെ തകർക്കുന്നതാണ്. യഥാർത്ഥമായ സമ്പത്തും വസ്ത്രവും കാഴ്ചയും ക്രിസ്തുവിനു മാത്രമേ നല്കാൻ കഴിയൂ. വിനയാന്വിതമായ ഹൃദയപരിവർത്തനത്തിലൂടെ മാത്രമേ ഇതു ലഭ്യമാകൂ. സ്വർണ്ണം, വസ്ത്രം, അഞ്ജനം എന്നിവയെല്ലാം യേശുവിൽ നിന്നു ലഭിക്കുന്ന ആത്മീയ സമ്പത്തിനെ സൂചിപ്പിക്കുന്നു. സഹോദരസ്നേഹത്തിലൂടെ പ്രകടമാകുന്ന ദൈവസ്നേഹമാണ് മനുഷ്യരെ യഥാർത്ഥത്തിൽ സമ്പന്നനാക്കുന്നത്. സ്നേഹത്തിൽ നിന്നു നിർഗ്ഗളിക്കുന്ന സൽപ്രവൃത്തികളാണ് വെള്ളവസ്ത്രം (വെളി 19:8). ആത്മീയ യാഥാർത്ഥ്യങ്ങളിലേക്ക് ഉൾക്കണ്ണുകളെ തുറക്കാൻ പരിശുദ്ധാത്മാവിന്റെ പ്രകാശത്തിനു മാത്രമേ കഴിയൂ. ദൈവത്തിന്റെ കൃപാവരത്താൽ മാത്രമേ മനുഷ്യർ സമ്പന്നരും സമലംകൃതരും ആകൂ.

**3:19**, സ്വതന്ത്രമായ ഉദ്ധരണിയാണ് ഈ വാക്യമെങ്കിലും ബൈബിളിൽ ഉടനീളം തെളിഞ്ഞു നില്ക്കുന്ന ഒരു സത്യമാണ് ഇവിടെ അവതരിപ്പിക്കുന്നത്. സ്നേഹിക്കുക എന്നു വിവർത്തനം ചെയ്തിരിക്കുന്നത് ഫിലേയിൻ എന്ന ഗ്രീക്കുപദമാണ്. വികാരോഷ്മളവും മാനുഷികവുമായ സ്നേഹത്തെയാണ് ഇതു സൂചിപ്പിക്കുന്നത്. വാത്സല്യം എന്ന അർത്ഥമാണതിനുള്ളത്. എന്നാൽ ദൈവത്തിന്റെ സ്നേഹത്തെ സൂചിപ്പിക്കാൻ സാധാരണ ഉപയോഗിക്കാറുള്ളത് ആഗപ്പേയിൻ എന്ന പദമാണ്. ഇത് ഒരിക്കലും പിൻവലിക്കാത്ത അചഞ്ചലമായ സ്നേഹത്തെ സൂചിപ്പിക്കുന്നു. ഈ പദം ബൗദ്ധികതലത്തിന് ഊന്നൽ നല്കുമ്പോൾ ആദ്യത്തേത് വൈകാരികതലത്തിനു കൂടുതൽ പ്രാധാന്യം നല്കുന്നു. ദൈവത്തിന്റെ പിതൃസഹജമായ വാത്സല്യത്തെ ഇവിടെ ഊന്നിപ്പറയുന്നു. ആ വാത്സല്യമാണ് യേശുവിന് സഭകളോടുള്ളത്.

ശാസനയും ശിക്ഷണവും പുത്രവാത്സല്യത്തിന്റെ പ്രകടനങ്ങളാണ്. നിഷേധിക്കാനാവാത്തവിധം കുറ്റം കൺമുമ്പിൽ തെളിയിക്കുന്നതാണ് ശാസന. നാഥാനിൽ നിന്നു ദാവീദിനു ലഭിച്ച ശാസന ഇതിന്റെ ഉദാഹരണമാണ് (2 ശാമു 12:1-14). ശിക്ഷിക്കുകയോ നശിപ്പിക്കുകയോ അല്ല, കാര്യങ്ങളുടെ സത്യാവസ്ഥ ഗ്രഹിക്കാനായി മനുഷ്യന്റെ ഉൾക്കണ്ണുകളെ തുറക്കുകയാണ് ശാസനയുടെ ഉദ്ദേശ്യം. ശിക്ഷണമാകട്ടെ തെറ്റു തിരുത്തുന്നതിനും ജീവിതത്തെ നവീകരിക്കുന്നതിനും വേണ്ടിയുള്ളതാണ്. ഇപ്രകാരമുള്ള ശാസനയുടെയും ശിക്ഷണത്തിന്റെയും ആവശ്യത്തെക്കുറിച്ച് ബൈബിളിൽ അനേകം പരാമർശങ്ങളുണ്ട് (1 കൊരി 11:32, എബ്രാ 12:6) മാതാപിതാക്കൾ മക്കളെ ശാസിക്കുകയും ശിക്ഷിക്കുകയും ചെയ്യാതെ തന്നിഷ്ടത്തിനു വിടുന്നത് സ്നേഹത്തിന്റെയല്ല, അവരുടെ വളർച്ചയിൽ താല്പര്യമില്ലാത്തതിന്റെ അടയാളമാണ്. ദൈവത്താൽ ഉപേക്ഷിക്കപ്പെടുകയാണ് ഏറ്റം വലിയ ശിക്ഷ. ക്രിസ്തു സഭകൾക്കു നല്കുന്ന ശാസനയും ശിക്ഷണവും അവരെ മാനസാന്തരത്തിലേക്കും കൂടുതൽ തീക്ഷ്ണമായ ക്രിസ്തീയ ജീവിതത്തിലേക്കും നയിക്കണം.

**3:20**, ദൈവത്തിനു മനുഷ്യനോടുള്ള സ്നേഹത്തിന്റെ മനോഹരമായൊരു ചിത്രം ഈ വാക്യത്തിൽ തെളിഞ്ഞു വരുന്നു. വ്യക്തി സ്വാതന്ത്ര്യത്തെ അങ്ങേയറ്റം ബഹുമാനിച്ചുകൊണ്ടാണ് ദൈവം മനുഷ്യനുമായി ഇടപെടുന്നത്. ഹൃദയവാതിൽ തുറന്നു കൊടുത്താലേ ദൈവം അകത്തു പ്രവേശിക്കുകയുള്ളൂ. മനുഷ്യനെ തേടിവരികയും അവന്റെ സമ്മതത്തിനായി കാത്തു നില്ക്കുകയും ചെയ്യുന്ന ദൈവത്തിന്റെ ചിത്രം ക്രിസ്തുവിശ്വാസികൾക്കു മാത്രമേ വരച്ചു കാട്ടാൻ കഴിയൂ. ദൈവത്തെ തേടുന്ന മനുഷ്യന്റെ ചിത്രമല്ല, മനുഷ്യനെ തേടുന്ന ദൈവത്തിന്റെ ചിത്രമാണ് ക്രിസ്തുവിലൂടെ വെളിപ്പെടുത്തപ്പെട്ടത്.

ഗാഢമായ ഹൃദയൈക്യത്തിന്റെ പ്രതീകമാണ് ഒരുമിച്ചുള്ള അത്താഴം. ക്രിസ്തുവും ശിഷ്യനും തമ്മിലുള്ള വ്യക്തിപരമായ അഗാധസ്നേഹത്തെ പ്രകടമാക്കാൻ വേണ്ടിയാണ് ഞാൻ അവനോടൊത്തും അവൻ എന്നോടൊത്തും അത്താഴം കഴിക്കും എന്നു പറയുന്നത്. ഊട്ടുമേശയിലെ കൂട്ടായ്മയിലൂടെ യേശു തന്റെ സ്നേഹം പങ്കുവെച്ച എത്രയോ സംഭവങ്ങൾ സുവിശേഷങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നു, അന്ത്യത്താഴവും, അതിന്റെ ഓർമ്മയാചരിക്കുന്ന അപ്പം മുറിയ്ക്കൽ ശുശ്രൂഷയും, എമ്മാവൂസ് സംഭവവും എല്ലാം ഈ വാക്യത്തിനു പിന്നിലുണ്ട്. നിത്യഭാഗ്യത്തെപ്പോലും ഇപ്രകാരമുള്ള വിരുന്നായി സുവിശേഷങ്ങളിൽ ചിത്രീകരിച്ചിരിക്കുന്നു. ദൈവം സൗജന്യമായി നല്കുന്ന ദാനത്തിന്റെ മനോഹാരിതയും അതു സ്വീകരിക്കാനുള്ള മനുഷ്യരുടെ ഉത്തരവാദിത്വവും തെളിഞ്ഞു നില്ക്കുന്ന ചിത്രമാണിത്. (തുടരും)



# വെളിപ്പാടിന്റെ ചരിത്രം

തുടർച്ച



ദർശനം, പ്രവചനം, ഉപദേശം, സ്തുതി എന്നിങ്ങനെ അനേകം ഘടകങ്ങളുടെ ഒരു സമാഹാരമാണ് വെളിപ്പാടു പുസ്തകം. ഈ ഘടകങ്ങളെ എല്ലാം വേർതിരിച്ച് അവയുടെ ഉറവിടങ്ങൾ കണ്ടുപിടിച്ചു വിശദീകരിക്കാനുള്ള ഒരു ശ്രമം, പ്രത്യേകിച്ചും ജർമ്മൻ ബൈബിൾ പണ്ഡിതന്മാരുടെ ഇടയിൽ നടന്നിരുന്നു. എന്നാൽ ഇപ്രകാരമുള്ള ശിഥിലീകരണ വ്യാഖ്യാനം പുസ്തകത്തിന്റെ ഉള്ളടക്കം ഗ്രഹിക്കാൻ സഹായിക്കുന്നില്ല എന്നു മനസ്സിലാക്കിയതിനെ തുടർന്ന് ഇവയെ എല്ലാംകൂടി ഒരുമിച്ചു കാണാനുള്ള ശ്രമമാണ് ഇന്ന് നടക്കുന്നത്. ഇന്നു നമുക്ക് ലഭിച്ചിരിക്കുന്ന വിധത്തിൽ രൂപപ്പെടുത്തുന്നതിനുമുമ്പ് മുഖ്യമായും രണ്ടു വ്യത്യസ്ത ഗ്രന്ഥങ്ങളായി ഇതു നിലനിന്നെന്നും ഈ രണ്ടു ലിഖിതപാരമ്പര്യങ്ങളെ യോഹന്നാൻ എന്ന ക്രിസ്തീയ പ്രവാചകനാണ് സംയോജിപ്പിച്ചതെന്നും കരുതുന്നവരുണ്ട്. ഈ പാരമ്പര്യങ്ങളിൽ ഒന്ന് ഒരു യഹൂദ അപ്പോകലിപ്റ്റിക് ഗ്രന്ഥവും മറ്റൊന്ന് സ്നാപക ശിഷ്യന്മാർ രൂപം കൊടുത്ത ഗ്രന്ഥവും ആയിരുന്നു എന്നും ചിലർ കരുതുന്നു. പാരമ്പര്യങ്ങളുടെ വേരുകൾ തേടിയുള്ള അന്വേഷണം പുസ്തകത്തിന്റെ സന്ദേശത്തിൽ നിന്നകന്നു വഴിമുട്ടുന്നതിനാൽ പുസ്തകത്തെ ഇന്നു ലഭിച്ചിരിക്കുന്ന വിധത്തിൽത്തന്നെ മനസ്സിലാക്കാനാണ് ബൈബിൾ പഠിതാക്കൾ അധികപങ്കും ശ്രമിക്കുന്നത്.

രക്ഷാചരിത്രത്തെ പ്രതീകങ്ങളിലൂടെ അവതരിപ്പിക്കുകയാണ് വെളിപ്പാടു ഗ്രന്ഥകാരന്റെ ലക്ഷ്യമെന്നു കരുതി ചിലർ പുസ്തകത്തെ മൂന്നുഭാഗമായി തിരിക്കാറുണ്ട്. 4-11 അധ്യായങ്ങൾ ഇസ്രായേൽ ചരിത്രം; 12-20 സഭാചരിത്രം; 21-22 ഭാവിമഹത്വം എന്നിവ വിവരിക്കുന്നതായി ഇക്കൂട്ടർ കരുതുന്നു. 1-3 അധ്യായങ്ങൾ പൊതുവായ ആമുഖമായിട്ടാണ് അവർ പരിഗണിക്കുക. ഏറെ പ്രചാരം ലഭിച്ചിട്ടുള്ള വിഭജനമാണിതെങ്കിലും പുസ്തകത്തിന്റെ ഉള്ളടക്കത്തോട് പൂർണ്ണമായും നീതി പുലർത്താൻ ഇതിനു കഴിയുകയില്ല. ഇസ്രായേൽ ചരിത്രമായി അവതരിപ്പിക്കപ്പെടുന്ന ഭാഗത്ത് ക്രിസ്തുവിന്റെ വ്യക്തമായ പ്രവർത്തനങ്ങളും ഭാവി മഹത്വത്തെക്കുറിച്ചുള്ള പല സൂചനകളുമുണ്ട്. സഭയുടെ ചരിത്രമായി കരുതപ്പെടുന്ന ഭാഗത്ത് പഴയനിയമത്തിൽ നിന്നുള്ള ധാരാളം പരാമർശങ്ങൾ കാണാം. അതിനാൽ കാലാനുക്രമമായ ഒരു ഘടനയല്ല ഗ്രന്ഥകാരൻ തന്റെ പുസ്തകത്തിന് നല്കിയിരിക്കുന്നത് എന്നു വ്യക്തം.

ഒരു പ്രത്യേക ബിന്ദുവിൽ നിന്നാരംഭിച്ച് ലക്ഷ്യത്തിലേക്കു ശരം പോലെ കുതിക്കുന്ന ഋജുരേഖാ വീക്ഷണമല്ല ചരിത്രത്തെ സംബന്ധിച്ചിടത്തോളം വെളിപ്പാടു ഗ്രന്ഥത്തിനുള്ളത്. ഒരേ കാര്യങ്ങൾതന്നെ പലതവണ ആവർത്തിക്കുക ഈ പുസ്തകത്തിന്റെ ഒരു പ്രത്യേകതയാണ്. ഏഴ് എന്ന സംഖ്യയ്ക്കു ഗ്രന്ഥം വലിയ പ്രാധാന്യം നല്കുന്നുമുണ്ട്. അതിനാൽ രക്ഷാകര ചരിത്രത്തിന്റെ ഒരു ചാക്രിക വീക്ഷണം ഏഴു ചക്രങ്ങളായി അവതരിപ്പിക്കുകയാണ് ഗ്രന്ഥകാരൻ ചെയ്യുന്നത് എന്നു മറ്റു ചിലർ കരുതുന്നു. ഒരേ പ്രമേയം തന്നെ ഏഴ് അങ്കങ്ങളിലായി അവതരിപ്പിക്കുന്ന ഒരു പ്രപഞ്ചനാടകമാണ് വെളിപ്പാട് എന്നു കരുതുന്നവരുണ്ട്. ഈ ഏഴു ഭാഗങ്ങൾ, അഥവാ ഏഴ് അങ്കങ്ങൾ ഓരോന്നും ഏഴ് ഉപവിഭാഗങ്ങൾ അഥവാ രംഗങ്ങൾ ഉൾക്കൊള്ളുന്നതായും കരുതപ്പെടുന്നു. പ്രത്യക്ഷത്തിൽ ആകർഷകവും സ്വീകാര്യവുമായി തോന്നാവുന്ന ഈ വിഭജനവും അടുത്തു പരിശോധിക്കുമ്പോൾ പൂർണ്ണമായും തൃപ്തികരമല്ല എന്നു കാണാം. ഏഴു ലേഖനങ്ങൾ ഏഴു മുദ്രകൾ ഏഴു കാഹളങ്ങൾ ഏഴു പാത്രങ്ങൾ എന്നീ നാലു സപ്തഗണങ്ങൾ വളരെ വ്യക്തമാണ്. എന്നാൽ ഈ വിഭജനക്രമം മറ്റു ഭാഗങ്ങളിൽ വ്യക്തമല്ല. പുസ്തകഭാഗങ്ങളെ വലിച്ചുനീട്ടിയും വെട്ടിക്കുറച്ചും മാത്രമേ ഇപ്രകാരം ഒരു ഘടന വിശദീകരിക്കാനാവൂ. അതു പുറമേനിന്ന് അടിച്ചേല്പിക്കുന്ന വിഭജനമായിത്തീരും.

പറയാനുള്ള കാര്യങ്ങൾ യുക്തിഭദ്രവും കാലാനുക്രമവും ആയ വിധത്തിൽ അടുക്കും ചിട്ടയുമായി അവതരിപ്പിക്കുന്ന രീതിയാണ് നമുക്കു പരിചയമുള്ളത്. അതിനാൽ വെളിപ്പാട് ഗ്രന്ഥവും ഇപ്രകാരമൊരു ക്രമത്തിൽ രചിക്കപ്പെട്ടതായിരിക്കണം എന്ന മുൻവിധി വിഭജനശ്രമത്തെ വഴിമുട്ടിക്കുന്നു. പുസ്തകത്തിന്റെ ഘടനയെക്കുറിച്ചു വ്യക്തത ലഭിക്കണമെങ്കിൽ മുൻവിധികൾ മാറ്റിവച്ച് പുസ്തകരചനയിൽ ഗ്രന്ഥകാരൻ ഉപയോഗിച്ചിരിക്കുന്ന വിവിധ സങ്കേതങ്ങൾ കണക്കിലെടുക്കണം.

പഴയനിയമത്തിൽ നിന്ന് ഒറ്റവാക്യം പോലും അതേപടി ഉദ്ധരിക്കുന്നില്ലെങ്കിലും വെളിപ്പാടു പുസ്തകത്തിലുടനീളം പഴയനിയമത്തിന്റെ സ്വാധീനം കാണാം. പഴയനിയമത്തിൽ നിന്നു കടംകൊണ്ട വാക്കുകളും പ്രതീകങ്ങളും തന്റേതായ രീതിയിൽ കോർത്തിണക്കിയാണ് യോഹന്നാൻ ദർശനങ്ങളും പ്രവചനങ്ങളും രചിക്കുന്നത്. പുറപ്പാടു സംഭവത്തോടനുബന്ധിച്ചുള്ള മഹാമാരികൾ, കർത്താവിന്റെ ദിനത്തെയും യുഗാന്തത്തെയും കുറിച്ചുള്ള പ്രവാചകന്മാരുടെ പ്രതിപാദനങ്ങൾ, ദൈവജനത്തെ പീഡിപ്പിച്ചിരുന്ന വിജാതീയർക്കെതിരായുള്ള ശാപങ്ങൾ, മഹത്വപൂർണ്ണമായ ഭാവിയെക്കുറിച്ചുള്ള പ്രതിപാദനങ്ങൾ, സ്വർഗ്ഗീയ സദസ്സിന്റെ വിവരണങ്ങൾ ഇവയെല്ലാം സാഹചര്യങ്ങളിൽ നിന്നു വേർപെടുത്തി വെളിപ്പാടു ഗ്രന്ഥകാരൻ തനതായ രീതിയിൽ ഉപയോഗിച്ചിരിക്കുന്നു. ഇപ്രകാരമുള്ള ഉപയോഗത്തിലൂടെ അദ്ദേഹം പഴയനിയമത്തിനുതന്നെ പുതിയൊരു വ്യാഖ്യാനം നല്കുന്നു. (തുടരും)




# വെളിപ്പെട്ട ദൈവവചനം



"**ദൈ**വസന്തതിയായവൻ ദൈവവചനം കേൾക്കുന്നു" (യോഹ, 8:46). "കെടുന്ന ബീജത്താലല്ല കെടാത്തതിനാൽ ജീവനുള്ളതും നിലനില്ക്കുന്നതുമായ ദൈവവചനത്താൽ തന്നെ. നിങ്ങൾ വീണ്ടും ജനിച്ചിരിക്കുന്നു" (1 പത്രോ, 1:23).

പഴയനിയമത്തിൽ വചനത്തെക്കുറിക്കുന്ന ദാബർ (dabar) എന്ന എബ്രായ പദം അനവധി പ്രാവശ്യം പ്രയോഗിച്ചിട്ടുണ്ട്. വചനം, കല്പന, പ്രവചനം, വാഗ്ദത്തം, മുന്നറിയിപ്പ് എന്നിങ്ങനെ ദൈവത്തിൽ നിന്നും മനുഷ്യനു ലഭിക്കുന്ന ആശയവിനിമയത്തെ കുറിക്കുന്നു. സെപ്റ്റജിന്റ് ദാബറിനെ ലോഗോസ് അഥവാ റീമ എന്നു പരിഭാഷപ്പെടുത്തുന്നു. ഈ രണ്ടു പദങ്ങളും പുതിയനിയമത്തിൽ പ്രയോഗിച്ചിട്ടുണ്ട്. ലോഗോസ് (abryos - logos) 330 പ്രാവശ്യവും. റീമാ (fua - rhema) 69 പ്രാവശ്യവും പുതിയനിയമത്തിൽ കാണാം.

ദൈവത്തിന്റെ ഭാഷണത്തിലാണ് പ്രപഞ്ചം ഉണ്ടായത്. (ഉല്പ, 1:3). "യഹോവയുടെ വചനത്താൽ ആകാശവും അവന്റെ വായിലെ ശ്വാസത്താൽ അതിലെ സകല സൈന്യവും ഉളവായി" (സങ്കീ 33:6). ലോകം ദൈവത്തിന്റെ വചനത്താൽ നിർമ്മിക്കപ്പെട്ടു (എബ്രാ 11:3). ദൈവത്തിന്റെ വചനം സ്വയം നിറവേറുകയായിരുന്നു ക്രിസ്തുവിന്റെ അത്ഭുതകരമായ ജനനത്തിൽ (ലൂക്കൊ. 1:38).




ഈ വചനം കേൾപ്പിൻ എന്നു (ആമോ. 4:1; 5:1) പ്രവാചകന്മാർ വിളിച്ചു പറയുമ്പോൾ ചരിത്രപരമായി നിവർത്തിക്കപ്പെടാനുള്ള ദൈവത്തിന്റെ വെളിപ്പാട് അവർ വിളംബരം ചെയ്യുകയാണ്. കാരണം ദൈവത്തിന്റെ വചനം സ്വർഗ്ഗത്തിൽ സ്ഥിരമായിരിക്കുന്നു.

ക്രിസ്തു പഴയനിയമത്തെ മുഴുവൻ ദൈവവചനം എന്നു വിളിച്ചു (മത്താ. 15:6). ക്രൈസ്തവ വെളിപ്പാട് മുഴുവനും ക്രിസ്തുവിന്റെ വചനം ആണ്. ക്രിസ്തുവിനെ കുറിക്കുന്നതിനും വചനം എന്ന വാക്കു തന്നെയാണ് ഉപയോഗിക്കുക (യോഹ 1:1, 14). ദൈവം പണ്ടു ഭാഗം ഭാഗമായിട്ടു (കൊലൊ. 3:16) അരുളിച്ചെയ്തു. എന്നാൽ ഈ അന്ത്യകാലത്തു പുത്രൻ മുഖാന്തരം പൂർണ്ണമായി അരുളിച്ചെയ്തു (എബ്രാ. 1:1). ക്രിസ്തുവിനെ നിരസിക്കുന്നവരിൽ ദൈവവചനം ഇല്ല (യോഹ. 5:38). ക്രിസ്തുശിഷ്യന്മാരുടെ പ്രത്യേകത അവരിൽ ക്രിസ്തുവിന്റെ വചനം വസിക്കുന്നു' (യോഹ. 15:7).

വെളിപ്പെട്ട ദൈവവചനം രക്ഷയുടേതാണ്; രക്ഷയ്ക്കു ഹേതുവാണ് (യെശ. 55:10). പ്രവാചക വചനം ദൈവത്തിന്റെ കൃപയെക്കുറിച്ചും കരുണയെക്കുറിച്ചും സംസാരിക്കുന്നു; ഒപ്പം ദൈവക്രോധം, ന്യായവിധി എന്നിവയെക്കുറിച്ചും. രക്ഷാകരവചനത്തെ മൂർത്തമായും അവതരിപ്പിച്ചിട്ടുണ്ട്. ദൈവം വചനം അയച്ചു തന്റെ ജനത്തെ സൗഖ്യമാക്കുന്നു (സങ്കീ, 107:20). ദൈവവചനം എന്നേക്കും നിലനില്ക്കുന്നു (യെശ. 40:8). ഈ വചനം സുവിശേഷമാണ് (1 പത്രൊ. 1:25). ദൈവവചനത്താലാണ് ഒരു വ്യക്തി വീണ്ടു ജനിക്കുന്നത്. (1 പത്രൊ. 1:23; യാക്കോ. 1:18). യേശു സംസാരിച്ച വചനങ്ങൾ ശിഷ്യന്മാരെ ശുദ്ധീകരിച്ചു (യോഹ. 15:3). യേശു സംസാരിച്ചത് ദൈവവചനം ആയിരുന്നു (ലൂക്കൊ. 5:1). ക്രിസ്തുവിന്റെ സന്ദേശത്തിലെയും അപ്പൊസ്തലന്മാരുടെ പ്രസംഗത്തിലെയും വിഷയം ക്രിസ്തു ആയിരുന്നു? രാജ്യത്തിന്റെ വചനം (മത്താ. 13:19). ക്രൂശിന്റെ വചനം (1 കൊരി. 1:18) എന്നിങ്ങനെ വചനത്തെ വിവേചിക്കുന്നുണ്ട്.

ക്രിസ്തു ദൈവവചനത്തെയും സമ്പ്രദായത്തെയും വേർതിരിച്ചു പറഞ്ഞു (മത്താ. 15:6). മൗലികമായ വെളിപ്പാടിനെയും അതിന്റെ ലിഖിത രൂപത്തെയും യേശു സമന്വയിപ്പിക്കുന്നുണ്ട് (യോഹ. 10:35). പഴയനിയമ ഉപദേശത്തെ മുഴുവൻ പൗലൊസ് ദൈവവചനം എന്നു വിളിച്ചു (റോമ. 9:6). പഴയനിയമത്തിലെ ഏതെങ്കിലും ഒരു പ്രത്യേക ഭാഗത്തെയും വചനം എന്നു പറഞ്ഞിട്ടുണ്ട് (റോമ. 13:9 ഗലാ. 5:14). ദൈവവചനം ദൈവത്തിന്റെ സ്വയം പ്രകാശനമാണ്. ദൈവം പ്രവാചകന്മാരിലൂടെ സംസാരിച്ചു; തിരുവെഴുത്തുകളിലൂടെ സംസാരിച്ചു. തിരുവെഴുത്തുകൾ അവന്റെ വചനമാണ്. ദൈവം വചനമായി ലോകത്തിലേക്കു വന്നു. വചനം ദൈവം ആയിരുന്നു. വചനം ചലനാത്മകമാണ്, രക്ഷിക്കുന്നതാണ്, ന്യായം വിധിക്കുന്നതാണ്.

ലോഗോസ് എന്ന ഗ്രീക്കുപദം സാങ്കേതികാർത്ഥത്തിൽ ക്രിസ്തുവിന്റെ പേരായി യോഹന്നാന്റെ എഴുത്തുകളിൽ പ്രയോഗിച്ചിരിക്കുന്നു. ലോഗോസിനെ വചനം എന്നു തന്നെയാണ് പരിഭാഷ ചെയ്തിട്ടുള്ളത്. പുതിയനിയമത്തിൽ മൂന്നു ഭാഗങ്ങളിൽ ലോഗോസ് ക്രിസ്തുവിനെ കുറിക്കുന്നു (യോഹ. 1:1, 14; 1 യോഹ. 1:1–3; വെളി. 19:13). ക്രിസ്തുവിന്റെ നിത്യാസ്തിക്യത്തെയും ദൈവത്വത്തെയും വെളിപ്പെടുത്തുന്നതാണ് വചനമെന്ന നാമം. ആദിമുതലേ ഉണ്ടായിരുന്ന വചനവും സാക്ഷാൽ ദൈവമായിരുന്നവനും (യോഹ. 1:1); കൃപയും സത്യവും നിറഞ്ഞവനായി മനുഷ്യരോടുകൂടി പാർത്ത വചനവും ക്രിസ്തുവാണ്. (യോഹ. 1:14), 'ആദിമുതലുള്ളതും ഞങ്ങൾ കേട്ടതും സ്വന്ത കണ്ണുകൊണ്ടു കണ്ടതും ഞങ്ങൾ നോക്കിയതും ഞങ്ങളുടെ കൈ തൊട്ടതും ആയ ജീവന്റെ വചനം സംബന്ധിച്ചു ജീവൻ പ്രത്യക്ഷമായി, ഞങ്ങൾ കണ്ടു സാക്ഷീകരിക്കയും പിതാവിനോടുകൂടെയിരുന്നു ഞങ്ങൾക്കു പ്രത്യക്ഷമായ നിത്യജീവനെ നിങ്ങളോടു അറിയിക്കയും ചെയ്യുന്നു (1 യോഹ. 1:1,2). മനുഷ്യൻ ജീവിക്കുന്നത് ഭക്ഷണംകൊണ്ടു മാത്രമല്ല; ദൈവത്തിന്റെ വായിൽനിന്നു വരുന്ന സകല വചനവും കൊണ്ടു കൂടിയാണ് (മത്താ. 4:4). ആകാശവും ഭൂമിയും ഒഴിഞ്ഞുപോകും; ദൈവത്തിന്റെ വചനങ്ങളോ ഒഴിഞ്ഞുപോകയില്ല (മത്താ. 24:35). ദൈവത്തിന്റെ വചനം കേട്ടു പ്രമാണിക്കുന്നവർ അത്രേ ഭാഗ്യവാന്മാർ (ലൂക്കോ. 11:28). വചനത്തിൽ നിലനില്ക്കുന്നവരാണ് ക്രിസ്തുവിന്റെ യഥാർത്ഥ ശിഷ്യന്മാർ (യോഹ. 8:31). ക്രിസ്തുവിന്റെ വചനം പ്രമാണിക്കുന്നവൻ ഒരുനാളും മരിക്കുകയില്ല (യോഹ. 8:51, 52).




# ദൈവപുത്രന്റെ നിലവിളി



**സൃ**ഷ്ടാവിന്റെ മരണവേദന കണ്ട് വിറങ്ങലിച്ചുപോയ സൃഷ്ടിയായ സൂര്യൻ പന്ത്രണ്ട് മണി മുതൽ മൂന്നുമണിവരെ പ്രപഞ്ച ചക്രവാളത്തിൽ നിന്ന് അപ്രത്യക്ഷമായി! പ്രപഞ്ചമാകെ ഇരുളിലാണ്ടു. ലോകചരിത്രത്തിൽ മൂന്നു മണിക്കൂർ കൂരിരുട്ടുണ്ടാക്കിയ സംഭവം അഭൂതപൂർവ്വമാണ്.

ലോകരക്ഷിതാവായ ക്രിസ്തു സകല മനുഷ്യവർഗ്ഗത്തിന്റെയും പാപഭാരം സ്വയം ഏറ്റെടുത്തതിന്റെ തീവ്രത അതിന്റെ പരമകാഷ്ഠയിൽ കാൽവറിയിൽ പ്രകടമായതിന്റെ ഒരു ബാഹ്യഅടയാളമായിരുന്നു ഈ ഘോരാന്ധകാരം.

സ്വപുത്രന്റെ വേദനയുടെ പാരമ്യം, അതിതീഷ്ണവും അത്യന്തം ഭയാനകവുമാംവിധം മനുഷ്യദൃഷ്ടിക്കു വെളിപ്പെടാതിരിക്കുവാൻ പിതാവായ ദൈവം കൂരിരുട്ടുകൊണ്ട് ഭൂമിയെ മൂടി. "അവനെ കാണുന്നവർ മുഖം മറച്ചുകളയത്തക്കവിധം അവൻ നിന്ദിതനായിരുന്നു" (യെശ. 53:3–5), അന്തരീക്ഷം അന്ധകാര നിബിഡമായപ്പോൾ വലിഞ്ഞുമുറുകിയ വേദനയുടെ യഥാർത്ഥമുഖം ജനങ്ങൾക്ക് ദൃശ്യമായില്ല. ഒടുവിൽ പുറത്തേക്കുവന്ന ശബ്ദം മാത്രമേ അവർക്കു കേൾക്കാൻ കഴിഞ്ഞുള്ളു.



"എന്റെ ദൈവമേ, എന്റെ ദൈവമേ, നീ എന്നെ കൈവിട്ടത് എന്ത്?" എന്ന് അരാമ്യ ഭാഷയിലാണ് യേശു നിലവിളിച്ചത്. നൈരാശ്യം കലർന്ന പ്രസ്തുത വാക്കുകൾ യേശുവിന്റെ മനുഷ്യത്വത്തിന്റെ ഒരു ബലഹീനതയായി, നിസ്സഹായതയുടെ ദീനരോദനമായി വ്യാഖ്യാനിക്കുന്നവരുണ്ട്. ഇരുപത്തിരണ്ടാം സങ്കീർത്തനം കുരിശിൽ കിടന്നുകൊണ്ടുരുവിടുകയായിരുന്നു എന്ന് മറ്റൊരു പക്ഷവുമുന്നയിക്കാം. ഈ വാക്കുകളുടെ അർത്ഥതലങ്ങൾ ഇനിയും ദുരൂഹമാണ്. മനുഷ്യസാധാരണമായ ശത്രുത, വിദ്വേഷം, ഒറ്റിക്കൊടുക്കൽ, പരിഹാസം, നിന്ദ, വഞ്ചന എന്നിവയെല്ലാം യേശു സഹിച്ചു. പാപം എന്തെന്നറിയാത്ത ദൈവപുത്രൻ മനുഷ്യപാപങ്ങളുടെ കൊടിയശിക്ഷ സ്വയം ഏറ്റെടുത്തു. ദൈവത്തിൽ നിന്നുള്ള അകൽച്ചയാണല്ലോ പാപം. എങ്കിൽ മനുഷ്യവർഗ്ഗത്തിന്റെ പാപഭാരം ശിരസ്സാവഹിക്കുമ്പോൾ ദൈവത്തിൽ നിന്ന് അകൽച്ചയുണ്ടാകുക സ്വാഭാവികം മാത്രം, പിതാവായ ദൈവത്തിൽ നിന്ന് ഒരു നിമിഷം പോലും അകന്നിരിക്കാൻ കഴിയാത്ത സ്വപുത്രൻ ആ അനിവാര്യഘട്ടത്തിൽ പ്രതികരിച്ചത് പ്രസ്തുത വാക്കുകളിലൂടെയാണ്.

'പിതാവേ' എന്നു സംബോധന ചെയ്തുവന്ന യേശു ഇവിടെ 'ദൈവമേ' എന്നാണു വിളിക്കുന്നത്. പിതാവിനോടുണ്ടായിരുന്ന ബന്ധനത്തിൽ നിന്നും അകന്നുപോയ പ്രതീതിയുണ്ടാകുന്നു. ഈശ്വരനെ മനുഷ്യർ സംബോധന ചെയ്യുന്നത് 'ദൈവമേ' എന്നാണെന്ന് വാദത്തിനുവേണ്ടിയെങ്കിലും സമ്മതിക്കുമെങ്കിൽ, യേശു പ്രസ്തുത സംബോധനയിലൂടെ മനുഷ്യവർഗ്ഗത്തിന്റെ യഥാർത്ഥ പ്രതിനിധിയായിത്തീരുകയല്ലേ ചെയ്തത്? ശിക്ഷാർഹമായ പാപത്തിന്റെ പരിഹാരമായിട്ടാണ് കുരിശുമരണമേറ്റത്. തന്മൂലം പിതൃനിരാസമുണ്ടാകുന്നു. എന്നാൽ, ദൈവത്തിന് മനുഷ്യരോടുള്ള സ്നേഹത്തിന്റെ പ്രതിഫലനമായിരുന്നുവല്ലോ സ്വപുത്രന്റെ ഈ യാഗം. അതിനാൽ സ്നേഹത്താലുള്ള സംയോജനവുമുണ്ട്. "എന്റെ ദൈവം" എന്നു തറപ്പിച്ചു വിളിക്കുമ്പോൾ, ഈ സംയോജിപ്പിക്കൽ കൂടുതൽ വ്യക്തമാകുന്നു. ക്രിസ്തുവിന്റെ ആളത്വത്തിലെ സിദ്ധാന്തപരമായ പദാർത്ഥസ്ഥിതി സംയോഗത്തിന് (Hypostatic Union) അതിനാൽ അല്പമെങ്കിലും വേർപിരിവുണ്ടായില്ലായെന്ന് ദൈവശാസ്ത്ര വിഷയകമായിപ്പറയാം.

ഇവിടെ നാം രക്ഷകനെ അവന്റെ കഷ്ടങ്ങളുടെ ആഴത്തിൽ കാണുന്നു. കാൽവറിയെപ്പോലെ കർത്താവിന്റെ കഠിനവ്യഥയെ അത്രയധികം വ്യക്തമാക്കുന്ന വേറെ സ്ഥലങ്ങളില്ല. "എന്റെ ദൈവമേ എന്റെ ദൈവമേ നീ എന്നെ കൈവിട്ടതെന്ത്?" എന്ന് ആകാശത്തെ ഭേദിക്കുമാറ് ഉച്ചത്തിൽ നിലവിളിക്കുന്ന ഈ സന്ദർഭം പോലെ അത്രമാത്രം യാതന നിറഞ്ഞ ഘട്ടം കാൽവറിയിൽ തന്നെ വേറെയില്ല. ഈ മുഹൂർത്തത്തിൽ, ശാരീരികമായ വേദനയിലൂടെ താൻ കടന്നുപോകേണ്ടിയിരുന്നു, ലജ്ജ, നിന്ദ എന്നിവയിൽ നിന്നുളവായ തീവ്രഹൃദയദണ്ഡനത്തോട് സംയോജിച്ച് അവന്റെ യാതനയെ അതിന്റെ പാരമ്യത്തിൽ എത്തിച്ചു. തന്റെ പിതാവിന്റെ സാന്നിദ്ധ്യത്തിൽ നിന്നുള്ള വിടപ്പെടലിന്റെ ഫലമായുണ്ടായതും പ്രകാശിപ്പിക്കാൻ കഴിയാത്തതരത്തിലുള്ളതുമായ ആത്മ വ്യഥയും അവൻ സഹിക്കുകയായിരുന്നു. അവൻ അനുഭവിച്ച ഞെട്ടലിന്റെ കറുത്തിരുണ്ട പാതിരാത്രിയായിരുന്നു അത്. തന്റെ പീഡാനുഭവത്തിന്റെ നിലയില്ലാത്ത ആഴത്തിലേക്കു അവൻ അപ്പോൾ താണുകൊണ്ടിരിക്കുകയാണ്. ഈ വാക്കുകളുടെ അർത്ഥപൂർത്തിയിലേക്കു എത്തിനോക്കുവാൻ ആർക്കും കഴിയുകയില്ല. ചിലപ്പോൾ നമുക്കും, "എന്റെ ദൈവമേ, നീ എന്നെ കൈവിട്ടതെന്ത്" എന്ന് നിലവിളിക്കുവാൻ ഇടവന്നേക്കാം എന്ന് ചിലർ വിചാരിക്കുന്നുണ്ടാകാം. നമ്മുടെ പിതാവിന്റെ മുഖപ്രസാദത്തിന്റെ പ്രകാശം ഇരുട്ടിനാൽ മൂടപ്പെടുന്ന ഘട്ടങ്ങൾ ഉണ്ടായേക്കാം. എന്നാൽ നാം ഒന്നോർത്തിരിക്കണം, ദൈവം ഒരിക്കലും നമ്മെ വാസ്തവമായി കൈവിടുകയില്ല. നമ്മെ സംബന്ധിച്ചിടത്തോളം അങ്ങനെ നമുക്ക് തോന്നുക മാത്രമാണ്. പക്ഷേ നമ്മുടെ കർത്താവിന്റെ കാര്യത്തിൽ അത് ഒരു യഥാർത്ഥ കൈവിടപ്പെടൽ തന്നെയായിരുന്നു. നമ്മുടെ പിതാവിന്റെ സ്നേഹം അല്പമൊന്നു പിൻവലിയുന്നു എന്നു തോന്നിയാൽ നാം ദുഃഖപരവശരാകുന്നു. എന്നാൽ ദൈവത്തിന്റെ മുഖം അവന്റെ പുത്രനിൽ നിന്നും യഥാർത്ഥത്തിൽ തിരിച്ചുകളയുക എന്നത് എത്രമാത്രം ആഴമേറിയ യാതനയാണ് അവന് വരുത്തിയതെന്ന് കണക്കുകൂട്ടുവാൻ ആർക്കു കഴിയും? നമ്മുടെ കാര്യത്തിൽ ഇത്തരം നിലവിളിയുണ്ടാകുന്നത് അവിശ്വാസത്തിൽ നിന്നാണ്. അവന്റെ കാര്യത്തിലോ അതു ഭയാനകമായ ഒരു യാഥാർത്ഥ്യത്തിൽ നിന്നുണ്ടായ ഉച്ചാരണമായിരുന്നു. ദൈവപുത്രൻ മനുഷ്യപുത്രനായി വേദനപ്പെട്ട് നിലവിളിച്ചത് പാപികളായ മനുഷ്യരെ ദൈവപുത്രരാക്കുവാൻ വേണ്ടിയായിരുന്നു.

പാപം, രക്ഷ, മരണാനന്തര ജീവിതം, മതം, മതപരിവർത്തനം തുടങ്ങി വിവിധ വിഷയങ്ങളിൽ തികച്ചും ആധികാരികമായ 30–ൽ പരം ട്രാക്റ്റുകൾ, ആവശ്യക്കാർ മാസികാ വിലാസത്തിൽ ബന്ധപ്പെടുക




## എന്താണ് ദൈവരാജ്യം? യേശുവിന്റെ ദൈവരാജ്യ പ്രഘോഷണത്തിൽ വ്യക്തമാക്കുന്ന കാര്യങ്ങൾ എന്തൊക്കെയാണ്?

പാസ്റ്റർ എബി ഫിലിപ്പ്, ചിറ്റാർ, ആനപ്പാറ, വിതുര

**(തുടർച്ച)** ദൈവരാജ്യം "നിങ്ങളുടെയിടയിൽ" എന്നല്ല. ദൈവരാജ്യം നിങ്ങളുടെ "ഉള്ളിൽ" ആണെന്നുള്ള ഒരു വാദം നിലവിലുണ്ട്. വിവർത്തനത്തിന്റെ പോരായ്മയിലേക്കാണ് ഇത് വിരൽചൂണ്ടുന്നത്. വ്യക്തമായി ഇക്കാര്യങ്ങൾ മനസിലാക്കുന്നതിന് മൂലഭാഷയായ ഗ്രീക്കിലേക്കുതന്നെ പോകണം. എൻതോസ് എന്നാണ് ചർച്ചാ വിഷയത്തിന്റെ മൂലപദം. പുതിയ നിയമത്തിൽ ആകെ രണ്ടുതവണ മാത്രമേ ഈ പദം ഉപയോഗിച്ചിട്ടുള്ളൂ (മത്താ.23:26; ലൂക്കാ. 17:21). പരീശന്മാരുടെ കാപട്യത്തിനെതിരെയുള്ള നിശിതമായ വിമർശനത്തിനിടയിലാണ് ഈ പദം പ്രത്യക്ഷപ്പെടുന്നത്. ആദ്യമേ അകം ശുദ്ധമാക്കുക" (മത്താ.23:26). എൻതോസ് എന്ന പദമാണ് ഇവിടെ "അകം" എന്നു വിവർത്തനം ചെയ്യുന്നത്. പാത്രത്തിന്റെ പുറവും അകവുമാണ് പരാമർശവിഷയം. ചർച്ചാവിഷയമായ സുവിശേഷഭാഗത്തിന് പുറമേ പുതിയ നിയമത്തിൽ കാണുന്ന ഏകപ്രയോഗം "ഉള്ളിൽ" എന്ന അർത്ഥത്തിലാണ്. പഴയ നിയമത്തിന്റെ ഗ്രീക്കു വിവർത്തനമായ സപ്തതിയിൽ എൻതോസ് എന്ന ഉപസർഗം ഏഴുതവണ പ്രത്യക്ഷപ്പെടുന്നുണ്ട്. അത് എല്ലാംതന്നെ "ഉള്ളിൽ" എന്ന അർത്ഥത്തിലാണ് ഉപയോഗിച്ചിരിക്കുന്നത് (ഉദാ: സങ്കീ.38 (39), 3; 108 (109), 22; ഏശ. 16:11). ക്ലാസിക്കൽ ഗ്രീക്കിലും ഈ പദത്തിന് "ഉള്ളിൽ" എന്നുതന്നെയാണർത്ഥം. അതിനാൽ ഗ്രീക്കുവാക്കിന്റെ പൊതുവായ ഉപയോഗത്തിൽനിന്ന് "ഉള്ളിൽ" എന്ന അർത്ഥത്തിനാണ് മുൻഗണന. പിന്നെ എന്തുകൊണ്ട് പ്രധാന വിഷയങ്ങളെല്ലാംതന്നെ "ഇടയിൽ" എന്നു വിവർത്തനം ചെയ്യുന്നു എന്ന ചോദ്യം അവശേഷിക്കുന്നു.

ദൈവരാജ്യം നിങ്ങളുടെ ഇടയിൽ (ഉള്ളിൽ) ത്തന്നെയുണ്ട്" (ലൂക്കാ 17:21). ദൈവരാജ്യത്തിന്റെ സ്വഭാവമാണ് ഇവിടെ പരാമർശവിഷയമാകുന്നത്. ഇടയിൽ എന്നും ഉള്ളിൽ എന്നുമുള്ള വിവർത്തനങ്ങൾ ദൈവരാജ്യത്തിന്റെ രണ്ടു വ്യത്യസ്ത മാനങ്ങൾക്ക് ഊന്നൽ നൽകുന്നു. സമൂഹത്തിൽ ദൃശ്യമായ ഒരു യാഥാർത്ഥ്യമായി ദൈവരാജ്യത്തെ കാണാൻ "ഇടയിൽ" എന്ന വിവർത്തനം സഹായിക്കുന്നു. വ്യക്തിയുടെ ആന്തരികമായ ഒരനുഭവം മാത്രമല്ല, സമൂഹത്തിൽ വ്യക്തമായ പരിവർത്തനങ്ങൾ വരുത്തുന്ന ഒരു ദൈവിക യാഥാർത്ഥ്യമാണ് ദൈവരാജ്യം. ദൈവത്തിന്റെ ഹിതത്തിനു സ്വയം വിട്ടുകൊടുക്കുകയും ആ തിരുഹിതമനുസരിച്ച് ജീവിതം ക്രമീകരിക്കുകയും ചെയ്യുന്നവരുടെ സമൂഹത്തിൽ ദൈവരാജ്യം യാഥാർത്ഥ്യമാകുന്നു. ദൈവഹിതം പൂർണമായി നിറവേറിയത് യേശുക്രിസ്തുവിന്റെ വ്യക്തിത്വത്തിലാണ്. അവിടുത്തെ സാന്നിധ്യം ദൈവരാജ്യത്തിന്റെ തന്നെ സാക്ഷാത്ക്കാരമാണ്. അതിനാൽ ജനമധ്യത്തിൽ നിൽക്കുന്ന യേശുവിൽ ദൈവരാജ്യം സന്നിഹിതമായിരിക്കുന്നു എന്ന സൂചനയും വിവർത്തനത്തിനുണ്ട്. യേശുവിന്റെ വരവോടെ ദൈവരാജ്യം ഈ ഭൂമിയിലേക്ക് കടന്നുവന്നിരിക്കുന്നു. യേശുവിനെ സ്വീകരിക്കുകയും അവിടുത്തെ വാക്കുകൾ അനുസരിച്ചു ജീവിക്കുകയും ചെയ്യുന്നവരുടെ സമൂഹത്തിൽ ദൈവരാജ്യം സാക്ഷാത്കൃതമാകുന്നു. എന്നാൽ ദൈവരാജ്യത്തിന് ഈ സാമൂഹികമാനം മാത്രമല്ല ഉള്ളത്. മാനസാന്തരത്തിനു ക്ഷണിച്ചുകൊണ്ടാണ് യേശു രംഗപ്രവേശം ചെയ്തത്. "മാനസാന്തരപ്പെടുവിൻ, സ്വർഗരാജ്യം സമീപിച്ചിരിക്കുന്നു" (മത്താ 4:17; മർക്കോ.1:15). മാനസാന്തരത്തിന് വൈയക്തികവും സാമൂഹികവുമായ മാനങ്ങളുണ്ട്. ഹൃദയപരിവർത്തനം സമൂഹപരിവർത്തനത്തിലേക്ക് നയിക്കും. ദൈവരാജ്യത്തിന്റെ സാന്നിധ്യമാണ് ഇപ്രകാരമൊരു പരിവർത്തനത്തിന് പ്രേരിപ്പിക്കുന്നത്. അതിനാൽ ദൈവരാജ്യത്തിനും ഈ രണ്ടു മാനങ്ങളുണ്ട്. ദൈവഹിതം സ്വീകരിക്കാൻ ആദ്യമേ ഹൃദയം ഒരുക്കണം. വ്യക്തിയുടെ ഹൃദയത്തിലാണ് ദൈവഭരണം സ്വീകരിക്കേണ്ടത്. ഹൃദയത്തിൽ വേരുപിടിക്കുന്ന ദൈവരാജ്യം സമൂഹത്തിലേക്കു ശാഖകൾ വിരിച്ച് ഫലം ചൂടും. ഈ മാനത്തെ സൂചിപ്പിക്കാൻ 'ഉള്ളിൽ' എന്ന വിവർത്തനം സഹായിക്കും.



ഈ രണ്ടു മാനങ്ങളും ഉൾക്കൊള്ളുന്നതാണ് വിശുദ്ധ പൗലോസ് ദൈവരാജ്യത്തിനു നൽകുന്ന നിർവചനം: "ദൈവരാജ്യമെന്നാൽ ഭക്ഷണവും പാനീയവുമല്ല. നീതിയും സമാധാനവും പരിശുദ്ധാത്മാവിലുള്ള സന്തോഷവുമാണ്" (റോമാ.14:17). പൗലോസ് നൽകുന്ന നിർവചനത്തിൽ ദൈവരാജ്യത്തിനു രണ്ടു മാനങ്ങളുണ്ട്. നീതി ദൈവപ്രമാണമനുസരിച്ച് ജീവിക്കുമ്പോൾ സംജാതമാകുന്ന അവസ്ഥയാണ്. ഇത് മനുഷ്യർക്കു ദൈവത്തോടും തമ്മിൽ തമ്മിലുമുള്ള ബന്ധത്തെ സൂചിപ്പിക്കുന്നതിനാൽ സാമൂഹിക മാനത്തിന് ഊന്നൽ നൽകുന്നു. സമാധാനത്തിന്റെ കാര്യത്തിലും ഇതുതന്നെ പറയാം. ദൈവത്തോടും സഹജീവികളോടും സൃഷ്ടപ്രപഞ്ചത്തോടും തന്നോടുതന്നെയുമുള്ള ബന്ധത്തിൽ സംജാതമാവുകയും നിലനിൽക്കുകയും ചെയ്യുന്നതാണ് സമാധാനം. ഇതിനും രണ്ടു മാനങ്ങളുമുണ്ട്. പരിശുദ്ധാത്മാവിലുള്ള സന്തോഷമാകട്ടെ മുഖ്യമായ വൈയക്തികവും ആന്തരികവുമായ തലത്തെ സ്പർശിക്കുന്നു. അതിനാൽ ദൈവരാജ്യത്തിന് ഈ രണ്ടു മാനങ്ങളുമുണ്ട് എന്നു വ്യക്തം. ഇതിൽ ഏതെങ്കിലും ഒരു മാനത്തിന് ഊന്നൽ നൽകുമ്പോൾ അതു മാത്രമാണ് ദൈവരാജ്യം എന്ന ധാരണ ഉണ്ടാകരുത്. 'ഉള്ളിൽ' എന്ന വിവർത്തനത്തിന് ഒരു വ്യക്തിയുടെ ഉള്ളിൽ അഥവാ ഹൃദയത്തിൽ എന്നു മാത്രമല്ല സമൂഹത്തിന്റെ ഉള്ളിൽ എന്ന അർത്ഥവും ഉണ്ടാകാം.

ദൈവരാജ്യത്തെക്കുറിച്ച് യേശു പറഞ്ഞ ഉപമകളിൽ അധികപങ്കും സാമൂഹികമാനത്തിന് ഊന്നൽ നൽകുന്നവയാണ്. അതിനാൽ "ദൈവരാജ്യം നിങ്ങളുടെ ഇടയിൽത്തന്നെയുണ്ട്" എന്ന വിവർത്തനം ശരിയാണ്. അതേസമയം ആന്തരികത നഷ്ടപ്പെട്ട ഒരു സാമൂഹിക പ്രസ്ഥാനം മാത്രമായി ദൈവരാജ്യത്തെ കരുതാൻ ഈ വിവർത്തനം കാരണമായെന്നുവരാം. അതിനാൽ ഉള്ളിൽ എന്ന വിവർത്തനവും ശരിയാണ്. എന്നാൽ ഈ രണ്ടു വാക്കുകളും ഒരുമിച്ച് ഉപയോഗിക്കാൻ ഭാഷ സമ്മതിക്കുകയില്ലല്ലോ. വിവർത്തകർ നേരിടുന്ന വലിയൊരു പ്രതിസന്ധിയാണിത്. പരസ്പര പൂരകങ്ങളായ ഒന്നിലധികം അർത്ഥതലങ്ങളുള്ള മൂലഭാഷയിലെ ഒരു വാക്കിന് പകരം വിവർത്തനത്തിൽ ഒരു വാക്കു തിരഞ്ഞെടുക്കുമ്പോൾ പല മാനങ്ങളും ധ്വനികളും നഷ്ടപ്പെട്ടുപോകുന്നു. അതിനാൽ വിവർത്തനത്തോടൊപ്പം മൂലത്തിന്റെ വ്യാഖ്യാനവും ആവശ്യമായി വരുന്നു. ചുരുക്കത്തിൽ ദൈവരാജ്യത്തിന് ആന്തരികവും ബാഹ്യവും സാമൂഹികവും വൈയക്തികവുമായ രണ്ടു മാനങ്ങളുണ്ട്. ഇതിൽ ഏതെങ്കിലും ഒന്നിന് ഊന്നൽ നൽകിക്കൊണ്ടാണ് വിവർത്തകർ പദം തിരഞ്ഞെടുക്കുന്നത്. ആ തിരഞ്ഞെടുപ്പ് ഭാഗികമാണെന്നും മൂലാർത്ഥം കൂടുതൽ വ്യാപകവും സമഗ്രവുമാണെന്നുമുള്ള കാര്യം മറക്കരുത്.

ദൈവരാജ്യത്തിന്റെ ദൗത്യവാഹകർ എന്തുപറയണം? എങ്ങനെ പ്രവർത്തിക്കണം? ഈ ചോദ്യങ്ങൾക്ക് ഉത്തരം ഗിരിപ്രഭാഷണത്തിലൂടെ യേശു നല്കി (മത്താ 5:3–10). ഇവിടെ പ്രശസ്തമായ അഷ്ടഭാഗ്യങ്ങളാണ് നമ്മുടെ സവിശേഷമായ പരിഗണനയ്ക്കു വിധേയമാകേണ്ടത്. അഷ്ടഭാഗ്യങ്ങളുടെ വിപുലീകരണമാണ് സുവിശേഷത്തിൽ പറയുന്ന കാര്യങ്ങൾ മുഴുവൻ തന്നെ. അഷ്ടഭാഗ്യങ്ങളെ എട്ടുവിധ ഭാഗ്യങ്ങളായി കാണരുത്. ഒരേയൊരു ദൈവരാജ്യസിദ്ധിയുടെ എട്ടു സവിശേഷതകളാണവ. സ്വർഗ്ഗരാജ്യാവകാശികളുടെ മുഖമുദ്രയാണ് അതിൽ ഓരോന്നും. ആദ്യത്തേതിനോടും അവസാനത്തേതിനോടും ചേർത്ത് യേശു പറഞ്ഞു: "സ്വർഗ്ഗരാജ്യം അവരുടേതാകുന്നു" (മത്താ. 5:3,10), അഷ്ടസൗഭാഗ്യങ്ങളെ ഇവിടെ ഹ്രസ്വമായി അവലോകനം ചെയ്യാം.

1. ആത്മാവിൽ ദരിദ്രരായവർ: ദൈവരാജ്യത്തിൽ ഭൗതീക സമ്പത്ത് വിഷയീഭവിക്കുന്നില്ലായെന്നത് എത്രയും വ്യക്തമാണ്. ആത്മാവിന്റെ ദാരിദ്ര്യത്തെക്കുറിച്ചാണ് ഇവിടെ പറഞ്ഞിരിക്കുന്നത്. ആത്മാവിന്റെ ദരിദ്രാവസ്ഥയെക്കുറിച്ചുള്ള ബോധ്യത്തിൽ നിന്ന് ദൈവിക സമ്പന്നതയിലേക്ക് ഉയരേണ്ടതിന്റെ ആവശ്യകതയിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്. ദൈവീക വിഷയത്തിൽ സമ്പന്നരായവരാണ് ദൈവരാജ്യത്തിന് അവകാശികൾ.

2. വിലപിക്കുന്നവർ... ലൗകികജീവിതത്തിലെ സാധാരണയുള്ള ബുദ്ധിമുട്ടുകളുടെ ഫലമായി വിലപിക്കുന്നവരല്ല, ഇവിടെ പരാമർശിക്കപ്പെട്ടിട്ടുള്ളത്. സ്വന്തം തെറ്റുകളെയും സംഘാതമായ തിന്മകളെയും ഓർത്തുള്ള സങ്കടമാണ് ഇവിടെ പരാമർശിക്കപ്പെട്ടിരിക്കുന്നത്. ജീവിതത്തിലെ തെറ്റുകളെക്കുറിച്ചും പാപങ്ങളെക്കുറിച്ചും സങ്കടപ്പെട്ടു കരഞ്ഞ്, നീതിയുടെയും സ്നേഹത്തിന്റെയും മാർഗ്ഗത്തിലേക്കു വരുന്നവരാണ് ഇവിടെ പരാമർശിക്കപ്പെട്ടിരിക്കുന്നത്.

3. ശാന്തശീലർ... ഒന്നും ചെയ്യാതെ നിഷ്ക്രീയരായി നിലകൊള്ളുന്നവർ എന്ന അർത്ഥത്തിലല്ല ശാന്തശീലരെക്കുറിച്ച് സുവിശേഷം പറയുന്നത്. ദൈവത്തിൽ വിശ്വാസം അർപ്പിച്ചുകൊണ്ട് ഏതു പ്രതികൂല സാഹചര്യങ്ങളിലും പ്രതിസന്ധിഘട്ടങ്ങളിലും സമചിത്തതയോടെ യേശുവിന്റെ പിൻഗാമികളായി സധൈര്യം മുമ്പോട്ടുപോകുന്നവരെയാണ് ഇവിടെ പരാമർശിച്ചിരിക്കുന്നത്.

4. നീതിതേടുന്നവർ..... ദൈവത്തോടും സഹജീവികളോടും കുറ്റമറ്റ ബന്ധത്തിന്റെ ഉടമകളാണ് "നീതി"യുള്ള മനുഷ്യരായി ബൈബിളിൾ പരാമർശിച്ചിട്ടുള്ളത്. ദൈവം ആഗ്രഹിക്കുന്ന ക്രമം ലോകത്തിൽ നടപ്പിൽ വരുന്നതിനായി സേവനം കാഴ്ചവയ്ക്കുന്നവരാണ് നീതിതേടുന്നവർ.

5. കരുണാർദ്രം...... ദൈവം തന്നെ മനുഷ്യരോടു കാണിക്കുന്ന കാരുണ്യം, മനുഷ്യർ തമ്മിൽ തമ്മിലും പ്രയോഗത്തിൽ വരുത്തണം. ദൈവകൃപ സ്വീകരിക്കുന്നവന്റെ ജീവിതത്തിലെ ഉത്തരവാദിത്വമാണ് അപരനു കൃപകാണിക്കുകയെന്നത്. "ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിക്കുന്നതുപോലെ ഞങ്ങളുടെ കടങ്ങൾ ഞങ്ങളോടും ക്ഷമിക്കണമേ" ഇതാണു ശരിയായ അപേക്ഷ. പ്രതികാരചിന്തയ്ക്കു യാതൊരു സ്ഥാനവുമില്ല. ശത്രുക്കളെപ്പോലും സ്നേഹിക്കാൻ അവൻ വിളിക്കപ്പെട്ടവനാണ് (മത്താ. 5:39, 47).

6. ഹൃദയശുദ്ധിയുള്ളവർ.... ബാഹ്യമായ ശുദ്ധിയിൽ മാത്രം ശ്രദ്ധ ചെലുത്തിയിരുന്ന പരീശന്മാരെ യേശു വിമർശിച്ചത് സുവിശേഷത്തിൽ നിന്നും വ്യക്തമാണ്. ചിന്തകളും ആഗ്രഹങ്ങളും വാക്കുകളും പ്രവർത്തികളും ശുദ്ധമാകുമ്പോഴാണ് യഥാർത്ഥത്തിൽ ഒരുവൻ ദൈവസന്നിദ്ധിയിൽ സ്വീകാര്യനാവുക. ആചാരാനുഷ്ഠാനങ്ങളുടെ ബാഹുല്യമല്ല ആത്മാർത്ഥതയുള്ള ഹൃദയമാണ് ദൈവസന്നിധിയിൽ നില്ക്കുന്ന മനുഷ്യനാവശ്യം.

7. സമാധാനസംസ്ഥാപകർ...... എല്ലാവരും ആഗ്രഹിക്കുന്നതാണ് സമാധാനം. സംഘർഷവും വൈര്യവും നീക്കാതെ സമാധാനം സ്ഥാപിക്കാനാവില്ല. എങ്കിലും ഇവ നീക്കിയാൽ മാത്രം സമാധാനം ഉണ്ടാവില്ല. സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും വളർച്ചയിലൂടെ മാത്രമേ സമാധാനം വളർത്തിയെടുക്കാനാവൂ.

8. നീതിക്കുവേണ്ടി സഹിക്കുന്നവർ...... നീതിക്കുവേണ്ടിയുള്ള ഏതു പരിശ്രമവും സഹനം അനിവാര്യമാക്കുന്നു. ദൈവരാജ്യത്തിന്റെ വിരോധികൾ യേശുവിന്റെ അനുഗാമിയുടെ മുമ്പിൽ പ്രതിബന്ധങ്ങൾ സൃഷ്ടിക്കും; പീഡനങ്ങൾ അഴിച്ചുവിടും. ഇവയെല്ലാം അവഗണിച്ച് മുമ്പോട്ടുപോകുന്നവരാണ് ദൈവരാജ്യത്തിനു യോജിച്ചവൻ.

യേശു പ്രസംഗിച്ച ദൈവരാജ്യത്തിന്റെ വളർച്ച സാധിക്കുന്നത് വചനത്തിലൂടെയാണ്. ദൈവരാജ്യത്തിന്റെ ആരംഭവും പൂർണ്ണതയ്ക്കുമിടയിൽ സഭ നിലകൊള്ളുന്നു. ക്രിസ്തുവിനെ സ്വീകരിച്ചവരുടെ സമൂഹമാണ് സഭ. സഭമുഴുവനും വിളിക്കപ്പെട്ടിരിക്കുന്നത് ഒരു ദൗത്യനിർവ്വഹണത്തിനാണ്. സഭ എന്ന അർത്ഥത്തിൽ ഉപയോഗിക്കുന്ന 'Ekklesia'എന്ന ഗ്രീക്കുപദത്തിന്റെ വിവക്ഷതന്നെ വിളിക്കപ്പെട്ടവരുടെ സമൂഹം എന്നാണല്ലോ. ക്രിസ്തുവിലൂടെ ലോകത്തിൽ പ്രത്യക്ഷമായ ദൈവത്തിന്റെ ഭരണം പ്രഘോഷിക്കുകയും അതിനോട് സദാ–ആഭിമുഖ്യം പുലർത്തുകയുമാണ് സഭയുടെ ദൗത്യം.

WEBSITE
vedabhimani.com
FACE BOOK
vedabhimani
MAIL
vedabhimani@gmail.com
vedabhimani.com

# VEDABHIMANI

EXPERIENCE THE POWER OF TRUTH

Annual Subscription Rs. 250/-

Postal Registered No : KL/MVK/184/2021-2023
Licence No. KL/CR/MVK/WPP-03/2021-23
Licensed to post without prepayment
Posted on 15, 20 June: 2023 at RMS Kayamkulam
Published on Ist June: 2023
RNI Registered No. KERMAL/2002/7361

## പ്രണയം ഒരു പ്രളയം



ഇപ്പോൾ പ്രണയം മൊട്ടിടുന്നതും പൂത്തുതളിർക്കുന്നതും, ഉണങ്ങിക്കരിയുന്നതും കത്തുകളിലല്ല. വാട്സാപ്പാണ് ഇവയുടെ ഇപ്പോഴത്തെ അരങ്ങ്. രണ്ടിലൊരാൾ പിന്തുണ പിൻവലിച്ചാൽ ഭരണം വീഴുന്നപോലെ പ്രണയവും വീഴും. രണ്ടുപേരും ബ്ലോക്കാക്കി വെടക്കാക്കുന്നതോടെ സംഗതി ക്ളീൻ. എന്തു പറ്റി എന്നാരെങ്കിലും ആകാംക്ഷയോടെ ചോദിച്ചാൽ 'തേപ്പ്' എന്ന ഒറ്റവാക്കോടെ ചാപ്റ്റർ ക്ലോസ്!

തേപ്പ് കിട്ടിയവർ വിഷമിക്കേണ്ടതില്ല. പെരിയ മഹാന്മാർ വരെ ഇതിന് പാത്രീഭൂതരായിട്ടുണ്ട്. അമേരിക്കൻ പ്രസിഡന്റ് ജോൺ. എഫ്. കെന്നഡിയുടെ ഭാര്യ ജാകിലിൻ കെന്നഡി പ്രസിഡന്റിനെ നൈസായി തേച്ചു മടക്കി, ഗ്രീസിലെ ശതകോടീശ്വരൻ ബെഞ്ചമിൻ നാസീസിനൊപ്പം പോയി. പൊട്ടിക്കാൻ ബോംബുണ്ടായിട്ടും, വിടാൻ മിസൈൽ ഉണ്ടായിട്ടും കെന്നഡി എല്ലാ ദിവസവും സ്വന്തം ഷർട്ടും പാന്റും സ്വയം തേച്ച് പ്രതികാരം ചെയ്തു.

നമ്മുടെ നാട്ടിൽ 'തേപ്പിനുള്ള കൂലിയായി പെട്രോളും കത്തിയുമായി നടക്കുന്നവർ' ജോൺ. എഫ്. കെന്നഡിയെപ്പോലുള്ള മഹാന്മാരെ കണ്ടു പഠിക്കട്ടെ!

പ്രണയം സെറ്റാവുന്നതോടെ ലവനോ ലവളോ കൈത്തണ്ടയിൽ തന്റെ പ്രാണന്റെ പേര് ടാറ്റു ചെയ്യും. അതു പിന്നീടുണ്ടാക്കുന്ന പൊല്ലാപ്പുകൾ ചെറുതല്ല. ഒരു പ്രണയപരവശൻ, തന്റെ കാമുകിയുടെ ചെല്ലപ്പേരായ 'തത്ത' എന്നു പച്ചമലയാളത്തിൽ കൈത്തണ്ടയിൽ കൊത്തിവച്ചു. ഏതാനും മാസം കഴിഞ്ഞപ്പോൾ അവൾ തേച്ചിട്ട് പോയി. ഇപ്പോ അവന്റെ കൈത്തണ്ടയിൽ തത്തയില്ല. പകരം ഒരു മലമ്പാമ്പ് അവിടെ ചുരുണ്ടു കിടക്കുന്നു! ടാറ്റൂ റീ ഡിസൈൻ ചെയ്തതാണ്.

ഇക്കുറി വാലന്റൈൻസ് ഡേയ്ക്ക് നമ്മൾ വലിയ പ്രതീക്ഷയിൽ ആയിരുന്നു. പശു ആലിംഗന ദിനം പ്രഖ്യാപിച്ച് കേന്ദ്ര സർക്കാർ നമ്മളെ സന്തോഷിപ്പിച്ചു. വാലന്റൈൻസ് ഡേയുടെ അന്ന് രാവിലെ കാലിത്തൊഴുത്തിൽ ചെന്ന് പശുവിന്റെ വാല് പിടിച്ചു കുലുക്കി പയ്യിനോട് 'പൈ ലവ് യു' പറഞ്ഞിട്ട് അത് സോഷ്യൽ മീഡിയയിൽ പോസ്റ്റ് ചെയ്യാൻ ഒരുപാട് പേർ തീരുമാനിച്ചിരുന്നു. പക്ഷേ സർക്കാർ ആ നടപടി മൃഗീയമായി പിൻവലിച്ചു.

അല്ലെങ്കിലും പ്രണയം വേദനയാണ്. അത് പട്ടംപോലെയാണ്. ചിലപ്പോൾ പൊട്ടിപ്പോകും. മറ്റു ചിലപ്പോൾ കാറ്റിൽ ഗതിമാറും. ചിലപ്പോൾ പൊട്ടിപ്പോയ ചരട് തിരിച്ചുവന്ന് നമ്മുടെ കഴുത്തിൽ ഒരു കുരുക്കായി മാറുകയും ചെയ്യും.

പണ്ടുകാലത്തൊക്കെ പ്രണയം കാത്തിരിപ്പിന്റെയും സ്നേഹത്തിന്റെയും ഒക്കെയായിരുന്നു. ദൗർഭാഗ്യവശാൽ ഇന്നത്തെ പ്രണയത്തിൽ മാംസദാഹം മാത്രമേയുള്ളൂ. അതിന്റെ സുഖം തീരുന്നതോടെ അവൻ അല്ലെങ്കിൽ അവൾ തേച്ചിട്ടു പോകുന്നു. ടൈറ്റാനിക് കപ്പൽ മഞ്ഞുമലയിൽ ഇടിച്ചപ്പോൾ ജാക്കിന്റെയും റോസിന്റെയും പ്രണയം പ്രളയമായി കടലിൽ ചേർന്നു. ഇന്നത്തെ എല്ലാ പ്രണയത്തിന്റെ ഉള്ളിലും വഞ്ചനയുടെ ചതിവിന്റെ കുത്തൊഴുക്കുള്ള പ്രളയം നാം കാണുന്നുണ്ട്. ഫേസ്ബുക്കിലും യൂട്യൂബിലും അനുഭവസ്ഥരുടെ വിലാപങ്ങൾ കാണുക മാത്രമല്ല അവരുടെ അനുഭവങ്ങളിൽ നിന്ന് നാം പാഠങ്ങൾ ഉൾക്കൊള്ളണം.



## ഡയലോഗ്




☺ രക്ഷയുടെ വാതിൽ തുറന്നിട്ടിരിക്കുകയാണെന്ന് ഒരു പ്രസംഗകൻ?

കെ. വി. തോമസ്, ചതകുന്ന, മൂലപ്പാടം, നിലമ്പൂർ

☹ ***തുറന്നിട്ട വാതിലിലൂടെ പ്രസംഗകരുടെ ജീവതം കണ്ട് ആളുകൾ രക്ഷപെടുകയാണോന്നാ സംശയം.***

☺ മാമോന്റെ ദാസന്മാർ ദൈവനാമത്തിൽ പ്രവർത്തിക്കുന്നതെന്തിനാണ്?

ഷിനു മാനുവേൽ, മല്ലശ്ശേരി, തെങ്ങിൻകാവ്, പത്തനംതിട്ട

☹ ***അവർക്കും അവരുടെ കുടുംബത്തിനും സുഖമായി ജീവിക്കാൻ.***

☺ ഒറ്റയ്ക്കു യാത്ര ചെയ്യുന്ന സ്ത്രീകൾക്ക് അവർ ആവശ്യപ്പെടുന്നിടത്തുനിന്ന് കയറാനും ഇറങ്ങാനും ബസ് നിർത്തി കൊടുക്കണമെന്ന് ഗതാഗതവകുപ്പ്. പുരുഷർക്ക് ഈ ആനുകൂല്യം കിട്ടാൻ എന്തു ചെയ്യണം?

സാബുപോൾ, വെള്ളംകല്ലൂർ, ഇരിങ്ങാലക്കുട

☹ ***യാത്രയ്ക്ക് ഭാര്യയെ കൂടെകൂട്ടുക. കണ്ടാൽ അറിയാത്ത ഭാവത്തിൽ ഒറ്റയ്ക്ക് മാറിനിന്ന് വണ്ടിയിൽ കയറുക. ഇറങ്ങേണ്ട സ്ഥാനത്ത് ഭാര്യയെ കൊണ്ടു വണ്ടി നിർത്തിച്ചിട്ട് ഭാര്യയ്ക്കൊപ്പം ചാടിയിറങ്ങുക.***

☺ കാട്ടാനകൾ നാട്ടിൽ ഇറങ്ങാൻ കാരണം?

മോനമ്മ സൈമൺ, പാനോട്, കാട്ടാക്കട, തിരുവനന്തപുരം.

☹ ***റേഷനരിയും ചക്കയും കിറ്റും വാങ്ങി നാട്ടുകാരായി ജീവിക്കാനാഗ്രഹം.***

☺ ആത്മീയ ഓട്ടക്കളത്തിൽ ഓടുന്നവർ പുറകോട്ട് തിരിഞ്ഞ് കഴിഞ്ഞകാല ജീവിതത്തിലേക്ക് പോകുന്നതിനു കാരണം ?

കെ. സി. ജോസഫ്, കോളപ്ര, കുടയത്തൂർ, തൊടുപുഴ

☹ ***മുന്നോട്ടു കുതിക്കാൻ പുറകോട്ട് ആയുന്നതാണ്.***

☺ ഇന്നത്തെ ആത്മീയ ജീവിതം വിലയിരുത്തിയാൽ?

ജോബി അലക്സ്, നെല്ലിക്കുഴി, കോതമംഗലം

☹ ***ഒരടി മുന്നോട്ട്, പത്തടി പിന്നോട്ട്***

☺ സമാധാനവും സന്തോഷവും ആരോഗ്യവും ഇല്ലാത്ത ജീവിതത്തെ എങ്ങനെയാണ് നേരിടേണ്ടത്?

സിനു ജോൺസൻ, പള്ളപ്പാടി, പാറത്തോട്, കോട്ടയം

☹ ***ജീവിതം അഡ്വഞ്ചറസ് ടൂറിസമായി ആസ്വദിക്കുക.***




## വിരുന്നുസൽക്കാരങ്ങളിലെ വൃത്തികേടുകൾ

ചില വീടുകളിൽ വിരുന്നുസൽകാരത്തിന് പോയാൽ പതിവായി കാണുന്ന ചില കാഴ്ചകളുണ്ട്. ഭക്ഷണം കഴിച്ചുകഴിഞ്ഞ് സഭ കൂടിയിരിക്കുമ്പോൾ വീട്ടിലെ ഗൃഹനാഥനും നായികയും കൂടി അങ്ങോട്ടും ഇങ്ങോട്ടും പരസ്പരം ചെളിവാരി എറിയൽ...

ഗൃഹനാഥൻ അടുത്തിരിക്കുന്ന ഭാര്യയെക്കുറിച്ച് അവരുപോലും വിചാരിക്കാത്ത കാര്യങ്ങൾ എണ്ണിയെണ്ണി വന്നിരിക്കുന്ന അതിഥികളോടു പറയും, ചിലപ്പോൾ അവരുടെ വീട്ടുകാരെയും കഥാപാത്രങ്ങളാക്കും. ഇങ്ങനെ പറയുമ്പോൾ എന്ത് സായൂജ്യം ആണോ കിട്ടുന്നതെന്ന് എത്ര ആലോചിച്ചിട്ടും മനസിലാകുന്നില്ല...



"ഈ വീട്ടിൽ എന്താണ് ജോലി.. ഞാൻ നോക്കിയിട്ട് ഒന്നും കാണുന്നില്ല.. രണ്ടോ, മൂന്നോ കൂട്ടാൻ വയ്ക്കണം, കുഞ്ഞു ങ്ങൾക്ക് വല്ലതും പറഞ്ഞു കൊടുക്കണം.. ഇതൊക്ക ഒരു ജോലിയാണോ.. എന്നു തുടങ്ങി വിചാരണ നീളും...

രാവിലെ എണീറ്റു സർവമാന പണിയും ചെയ്ത് കുട്ടികളെ കുളിപ്പിച്ചൊരുക്കി ടിഫിനും ഒരുക്കി ഭർത്താവിനും മക്കൾക്കും കൊടുത്ത്, അവരെ സ്കൂളിലും ഓഫീസിലും യാത്രയാക്കി, അതിനിടയിൽ ഒരു കാക്കക്കുളി കുളിച്ച് വല്ലതും കഴിച്ചെന്നു വരുത്തി, ഓഫീസിൽ പോകാൻ ഇന്നും ലേറ്റായല്ലോ എന്നോർത്ത് ഓടിപ്പിടിച്ചു പോകുന്ന പാവം ജന്മങ്ങൾ.. തിരികെ വന്നിട്ട് ചെയ്തുതീർക്കാനുള്ള നൂറുകൂട്ടം കാര്യങ്ങളും കാണും അവരുടെ തലയിൽ..

ചില സ്ത്രീകൾ ഇത്തരം സംഭാഷണങ്ങളിൽ തിരികെ പറയുന്നത് കേൾക്കാം.. അപ്പുറത്തെ ചേട്ടൻ കുടുംബ സ്നേഹിയാണെന്നും, അടുക്കളയിൽ സഹായിക്കാറുണ്ടെന്നും, കുട്ടികളെ പഠനത്തിൽ സഹായിക്കാറുണ്ടെന്നും... ഇതൊക്കെ കേട്ട് അന്തംവിട്ട് കുന്തം വിഴുങ്ങിയപോലെ ഒരിരിപ്പുണ്ട് മറ്റുള്ളവർ... ഭൂരിഭാഗവും ഇതൊക്കെ വിസ്തരിച്ച് ആസ്വദിക്കുകയും ചെയ്യും.. ദോഷം പറയരുതല്ലോ ചില പരിഷ്കാരികൾ അവരുടെ നല്ല പാതിയെക്കുറിച്ചു വർണിക്കുന്നത് കേട്ടാലും തല പെരുക്കും.

എന്തായാലും അത്തരം കുടുംബങ്ങളിൽനിന്നു പടിയിറങ്ങുമ്പോൾ അവരുടെ ഒരു ക്ലിയർ ഇമേജ് അവർതന്നെ മറ്റുള്ളവരിൽ ഉണർത്തിയിരിക്കും. അപ്പുറത്തെ വീട്ടിൽ എന്തു നടക്കുന്നു എന്നു നോക്കിയിരിക്കുന്നവർക്ക് ഒരു മനഃസുഖവും കിട്ടും.

പരസ്പരം പറഞ്ഞുതീർക്കാൻ ശ്രമിക്കാതെ അതൊക്കെ വീട്ടിൽ വരുന്ന ആളുകളുടെ മുൻപിൽ അവതരിപ്പിച്ച് പറഞ്ഞ് സ്വന്തം വില കളയേണ്ട വല്ല കാര്യവുമുണ്ടോ.. നിഷ്കളങ്കമായ ചില തമാശകളാവും ചിലതൊക്കെ. എങ്കിലും അതിലും പാഷാണം കലർത്തി ഏഷണി കൂട്ടുന്ന ചില നരജന്മങ്ങൾ ഉണ്ടല്ലോ ഭൂമിയിൽ..

ചെറുപ്പത്തിൽ നാട്ടിൻപുറങ്ങളിലെ ചില വിരുന്നുസത്കാരങ്ങൾ കണ്ടിട്ടുണ്ട്. മനുഷ്യർക്കിടയിലുള്ള ആത്മാർഥതയും, സ്നേഹവും, കരുതലും അവിടെയുണ്ടായിരുന്നു. ഇത്തിരി പുളിയുണ്ടോ, പഞ്ചസാരയുണ്ടോ, കാപ്പിപ്പൊടിയുണ്ടോ.. "എന്നെല്ലാം ചോദിച്ച് വന്നിരുന്ന അയൽക്കാരെ മറക്കാനാകുമോ?

പൊങ്ങച്ചം വിളമ്പാനും, ഏഷണി പറയാനുമായി മാറിയിരിക്കുന്നു ഇന്നത്തെക്കാലത്തെ പല വിരുന്നുസൽകാരങ്ങളും.. ഇത്തരം വേദികളിൽ മലർന്നു കിടന്നു തുപ്പുന്നവർ അതിലെ വൃത്തികേടുകൾ മനസിലാക്കാതെ പോകരുത്.

Printed, Published and owned by Titus Mathew Alias Titus Karthikappally, Punnoothara, Karthikappally 690 516. Printed at St. Paul's Offset Mavelikara. Published at: Punnoothara, Karthikappally. Editor : Titus Mathew Alias Titus Karthikappally